കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരംജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail: lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2059/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി: 21.01.2020

ഫോൺ. 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെങ്ങാനൂർ ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2059/2019 തീയതി: 21.01.2020

<u>തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 20.10.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണങ്ങൾക്കു ലഭ്യമാക്കിയ മറുപടി പരിഗണിച്ചു ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ എം,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.10.2019 മുതൽ 29.10.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ലതകുമാരി എം, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ബിന്ദുലത ബി.പി.,<br>സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.അനിഷ എസ്.ബി.,<br>സീനിയർഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഷിംജി. ജി, ഓഡിറ്റർ |
| | ശ്രീ. വിനുകുമാർ പി.കെ., ഓഡിറ്റർ |

(ബി) <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ജി.എസ്. ശ്രീകല | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. എസ്. പ്രേം | 01.04.2018 മുതൽ 31.07.2018 വരെ |
| | ശ്രീ. എ. റഹ്മത്തുള്ള<br>(അസി. സെക്രട്ടറി ഇൻ ചാർജ്ജ്) | 01.08.2018 മുതൽ 08.08.2018 വരെ |
| | ശ്രീ. അപ്പുരകുമാർ വി.കെ | 09.08.2018 മുതൽ 31.03.2019 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ. മെൽവിൻ ജോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| വി.ഇ.ഒ, എ സർക്കിൾ | ശ്രീമതി. സ്മിത | 01.04.2018 മുതൽ 16.11.2018 വരെ |
| | ശ്രീ. സജീഷ് കുമാർ | 17.11.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, ബി സർക്കിൾ | ശ്രീമതി. റീന. ആർ. | 01.04.2018 മുതൽ 08.02.2019 വരെ |
| | ശ്രീമതി. സന്ധ്യ | 09.02.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. രാജേഷ് സി.ആർ. | 01.04.2018 മുതൽ 13.03.2019 വരെ |
| | ശ്രീമതി. ആശാറാണി | 14.03.2019 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീ. എ. റഹ്മത്തുള്ള | 01.04.2018 മുതൽ 31.03.2019 വരെ |
| എം.ഒ. സി.എച്ച്.സി. | ഡോ. വഷിത ഗുണസെൽവി | 01.04.2018 മുതൽ 31.03.2019 വരെ |
| എം.ഒ. ഹോമിയോ | ഡോ. മനോജ് കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| എം.ഒ. ആയുർവേദം | ഡോ. ഫാത്തിമ ബീവി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി ഡോക്ടർ | ഡോ. ഇന്ദുലേഖ | 01.04.18 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി. താഹിറാ ബീവി | 01.04.18 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ശിവാംബിക | 01.04.2018 മുതൽ 08.07.2018 വരെ |
| | ശ്രീ. സനൽ കുമാർ | 09.07.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം. | ശ്രീമതി. ഷീബ വി.ആർ. | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 1-12 |
| 13 | തൊഴിൽ നികുതി ഇളവ് സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ് | 1-13 |
| 14 | തൊഴിൽനികുതി-രജിസ്റ്ററുകൾ സൂക്ഷിക്കുകയും നടപടിക്രമം പാലിക്കുകയും വേണം | 1-14 |
| 15 | കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നില്ല. | 1-15 |
| 16 | ലൈസൻസ് എടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല. | 1-16 |
| 17 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കണം | 1-17 |
| 18 | ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക യഥാസമയം പിരിച്ചെടുക്കേണ്ടതാണ് | 1-18 |
| 19 | പെർമിറ്റ് - നമ്പറിംഗ്- വസ്തു നികുതി ഈടാക്കൽ | 1-19 |
| 20 | അനധികൃത നിർമ്മാണം- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-20 |
| 21 | സഞ്ചയ പ്രകാരമുള്ള ഓൺലൈൻ വരവ് തുക ഗ്രാമപഞ്ചായത്തിനു ലഭിച്ചിട്ടില്ല | 1-21 |
| 22 | വസ്തുനികുതി - ഡിമാന്റിൽ നിന്നും തുക കുറവു ചെയ്തതിനുള്ള രേഖകൾ ലഭ്യമല്ല | 1-22 |

| | | |
|---|---|---|
| 23 | ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 1-23 |
| 24 | ബജറ്റ് രൂപീകരണത്തിലെ അപാകതകൾ | 1-24 |
| 25 | വക്കീൽ ഫീസായി നൽകിയ തുകയിന്മേൽ ആദായ നികുതി ഈടാക്കിയിട്ടില്ല | 1-25 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല | 1-26 |
| 27 | കുടിവെള്ള പദ്ധതികളുടെ കറണ്ട് ചാർജ്ജ് പഞ്ചായത്ത് അടയ്ക്കുന്നത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 1-27 |
| 28 | ഭവന നിധി രൂപീകരിച്ചിട്ടില്ല | 1-28 |
| 29 | ഗ്രാമപഞ്ചായത്ത് ഭൂമി കൈമാറുന്നതിന് നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ് | 1-29 |
| 30 | പുഷ്പകൃഷി വനിത-സബ്സിഡി തുക ഒറ്റത്തവണയായി നൽകി | 1-30 |
| 31 | കൃഷി ഓഫീസിന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ-ടെണ്ടർ നടപടിക്രമം പാലിച്ചില്ല. | 1-31 |
| 32 | പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്. | 1-32 |
| 33 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നു. | 1-33 |
| 34 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ | 1-34 |
| 35 | ആസൂത്രണത്തിലെ പിഴവുകൾ പദ്ധതി തുക വിനിയോഗിക്കുവാനായില്ല | 1-35 |
| 36 | 2017-18 ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 1-36 |
| 37 | ടാർ ചെയ്ത വിസ്തീർണത്തിലും അധികമായി മെറ്റലിംഗ് ചെയ്തതിനാൽ അധിക ചെലവ് | 1-37 |
| 38 | അംഗനവാടികൾക്കായി വാങ്ങിയ ഭൂമി അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല | 1-38 |
| 39 | അർഹതയില്ലാത്ത ഗുണഭോക്താവിന് ലാപ്ടോപ്പ് നല്കി | 1-39 |
| 40 | തുടർച്ചയായി രണ്ടു വർഷം ടെണ്ടർ സ്ഥിരപ്പെടുത്തിയ ശേഷം പിൻമാറിയ സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം | 1-40 |
| 41 | പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ലാപ്ടോപ്പുകൾ വിതരണം ചെയ്യേണ്ടതാണ്. | 1-41 |
| 42 | അംഗനവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കേണ്ടതാണ് | 1-42 |
| 43 | നിർവ്വഹണ ഏജൻസിയ്ക്ക് അനുബന്ധ കരാർ ചമച്ച് അധികം തുക നല്കിയതിനുള്ള അനിവാര്യത ബോധ്യമാകുന്നില്ല | 1-43 |
| 44 | അംഗൻവാടികൾ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ | 1-44 |
| 45 | ഐ.സി ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ അപാകങ്ങൾ | 1-45 |
| 46 | ലൈഫ് ഭവന പദ്ധതി - നിർമ്മാണം ആരംഭിച്ച വീടുകൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് | 1-46 |
| 47 | പാലിയേറ്റീവ് കെയർ പ്രവർത്തനം തൃപ്തികരമല്ല | 1-47 |
| 48 | ക്വട്ടേഷൻ ഫയൽ ലഭ്യമാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു | 1-48 |
| 49 | ടെണ്ടർ നടപടി കൂടാതെ സാധനങ്ങൾ വാങ്ങി | 1-49 |
| 50 | പകർച്ചവ്യാധി പ്രതിരോധം മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല | 1-50 |
| 51 | ഹൈസ്കൂൾ കുട്ടികൾക്ക് ഫർണിച്ചർ (എസ്സ്.സി)-അപാകതകൾ | 1-51 |
| 52 | സ്കൂൾ കുട്ടികൾക്ക് സ്പോർട്സ് പരിശീലനം, സ്പോർട്സ് കിറ്റ് നൽകൽ-അപാകതകൾ | 1-52 |

| | | |
|---|---|---|
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 53 | ഇല്ല | 2-1 |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 54 | ടാർ ചെയ്ത വിസ്തീർണത്തിലും അധികമായി മെറ്റലിംഗ് ചെയ്തതിനാൽ അധിക ചെലവ് | 3-1 |
| 55 | അർഹതയില്ലാത്ത ഗുണഭോക്താവിന് ലാപ്ടോപ്പ് നല്കി--25,040/- രൂപ നിരാകരിക്കുന്നു. | 3-2 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 56 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 57 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 58 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 59 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 60 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 61 | സ്ഥിരനിക്ഷേപം | 4-6 |
| 62 | ഓഡിറ്റ് റിക്കവറി | 4-7 |
| 63 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 64 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 65 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 66 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 67 | അനുബന്ധം-1, ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 27.3.2018 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 17,60,93,370/- രൂപ വരവും 17,65,22,370/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 14,01,81,700/- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 12,43,28,398/-രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പ്രകാരം)

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 18.05.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 98,24,298/- |
| വരവ് | 13,03,57,402/- |
| ആകെ | 14,01,81,700/- |
| ചെലവ് | 12,43,28,398/- |
| നീക്കിയിരിപ്പ് | 1,58,53,302/- |

# 1-4 ഫണ്ട് വിനിയോഗം (റസീപ്റ്റ്സ് & പേയ്മെന്റ് പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 20314540 | 20314540 | 20314540 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 13926691 | 13926691 | 13926691 | 0 |
| സി.എഫ്.സി. | 0 | 9562846 | 9562846 | 9562846 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 16223000 | 16223000 | 16223000 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 3913140 | 3913140 | 3913140 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 153769 | 745292 | 899061 | 731136 | 167925 |
| ബി ഫണ്ട് | 0 | 955120 | 955120 | 955120 | 0 |
| എസ്.ബി.ഐ. ഇ പേയ്മെന്റ് | 48875 | 145128 | 194003 | 649 | 193354 |
| ഡി.സി.ബി. തനത് | 7147063 | 42886601 | 50033664 | 39637301 | 10396363 |
| റ്റി.എസ്.ബി. | -985990 | 20886704 | 19900714 | 17766714 | 2134000 |
| എസ്.ബി.ഐ. ബഡ്സ് | 3086016 | 505929 | 3591945 | 961345 | 2630600 |
| ആന്ധ്രാ ബാങ്ക് സാക്ഷരത | 12167 | 320 | 12487 | 151 | 12336 |
| ഡി.സി.ബി. ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് | 26633 | 983 | 27616 | 0 | 27616 |
| ക്യാഷ് | 335765 | 291108 | 626873 | 335765 | 291108 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 171904723 | 163 | 97283092 | - | 55 | 75 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 153769 | 745292 | 899061 | 731136 | 167925 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 35275784 | 35275784 | 35275784 | 0 |
| ആകെ | 153769 | 36021076 | 36174845 | 36006920 | 167925 |
| | | | | | |

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 615120 | 305 |
| കർഷക തൊഴിലാളി പെൻഷൻ | 985600 | 245 |
| വിധവാപെൻഷൻ | 5793600 | 1421 |
| വാർദ്ധക്യകാല പെൻഷൻ | 8907600 | 2204 |
| വികലാംഗ പെൻഷൻ | 1792200 | 421 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 340000 | 12 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 163200 | 40 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2019 രാവിലെ 11.30 മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18,052/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം.

i) വരവുകളുമായി ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ സ്ഥാപനം കൂടുതൽ ശ്രദ്ധ നൽകേണ്ടതുണ്ട്.

(എ)സഞ്ചയ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് 12,49,378/- രൂപ Property Tax on residential buildings എന്ന ഹെഡിൽ എഴുതി കുറച്ചിട്ടുണ്ടെങ്കിലും, നികുതി ഇളവ് അനുവദിച്ചതോ, ഒഴിവാക്കപ്പെട്ടതോ ആയ കെട്ടിടങ്ങളുടെ വിവരങ്ങൾ സൂക്ഷിക്കുകയോ, നികുതി ഇളവ് അനുവദിക്കുന്നതിന് ഭരണസമിതി അംഗീകാരവും നേടുകയോ ചെയ്തിട്ടില്ല.

(ബി) വസ്തു നികുതിയിനത്തിലെ ഓൺലൈൻ വരവുകൾ ബാങ്ക് സ്റ്റേറ്റ്മെന്റുമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ കൂടുതൽ ഫലപ്രദമാകേണ്ടതുണ്ട്.

ii) മുൻകൂറുകൾ സമയബന്ധിതമായി ക്രമീകരിക്കുന്നില്ല

17.12.2017 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് മുൻകൂറായി അനുവദിച്ച യാത്രാബത്ത തുക (1000/- രൂപ) ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 29.10.2019ന് തുക തിരികെ ഒടുക്കി. മുൻകൂറുകൾ തുക അനുവദിക്കുന്ന തീയതി മുതൽ 3 മാസകാലയളവിനുള്ളിൽ ചെലവ് രേഖകൾ ലഭ്യമാക്കി ക്രമീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

iii) വാർഷിക കണക്കുകളിലെ നീക്കിയിരുപ്പുകൾ

ഗ്രാമപഞ്ചായത്തിന്റെ ബാലൻസ് ഷീറ്റ് (B4 ഷെഡ്യൂൾ പ്രകാരം) അവശേഷിക്കുന്ന 32,600/- രൂപ (ഹെഡ് 320700205), 4,23,000/- രൂപ (ഹെഡ് 320800101) എന്നീ ഫണ്ടുകൾ ഏതു ആവശ്യത്തിനു/പദ്ധതിക്കായി ലഭിച്ചതാണെന്നു ഗ്രാമപഞ്ചായത്തിനു വ്യക്തമല്ല. തുക ലഭ്യമാക്കിയ ഏജൻസി, തുക ലഭ്യമായതിന്റെ ഉദ്ദേശം എന്നിവ പരിശോധിച്ച് തുകകൾ ചെലവഴിക്കുവാൻ സാധിക്കാത്ത പക്ഷം തുക പ്രസ്തുത ഏജൻസികൾക്കു തിരികെ ലഭ്യമാക്കേണ്ടതാണ്.

iv) രജിസ്റ്ററുകൾ യഥാവിധി പരിപാലിക്കുന്നില്ല

(എ) ഐ.സി.ഡി.എസ്., വി.ഇ.ഒ., ഹെഡ്മാസ്റ്റർ, ഡയറി ഫാം ഇൻസ്ട്രക്റ്റർ തുടങ്ങിയ നിർവഹണാധികാരികൾ ക്യാഷ്ബുക്ക് റ്റി.ആർ 7 എ മാതൃകയിൽ പരിപാലിച്ചിട്ടില്ല.

(ബി) തൊഴിൽ നികുതി അസസ്സ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, ട്രേഡേഴ്സ് രജിസ്റ്റർ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുസാശിക്കുന്ന പ്രകാരം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

v) മരാമത്ത് പ്രവൃത്തികളുടെ ദീർഘീകരണ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല

മരാമത്ത് പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ദീർഘീകരണത്തിനായി കരാറുകാരൻ ലഭ്യമാക്കുന്ന അപേക്ഷകളും രേഖകളും പ്രവൃത്തി ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ കരാർ കാലയളവ് ദീർഘിപ്പിക്കേണ്ടി വരുമ്പോൾ ആയതിന് മരാമത്തു മാന്വലിലെ വ്യവസ്ഥകൾ പാലിച്ച്, പഞ്ചായത്ത് ഭരണസമിതിയുടെ അനുമതിയോടെ ദീർഘീകരണം നൽകാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് ഭരണസമിതിയുടെ അനുവാദം നേടിയതായി കാണുന്നില്ല.

vi) പദ്ധതി ആസൂത്രണം, ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, ഫണ്ട് വകയിരുത്തൽ, നിർവ്വഹണം പ്രക്രിയകളിലെ വീഴ്ചകൾ

(എ) വിവിധ മേഖലകളിലെ പദ്ധതി ആസൂത്രണത്തിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും വേണ്ടത്ര ജാഗ്രത പുലർത്താത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് സാധിച്ചിട്ടില്ല. പദ്ധതി നിർവ്വഹണ വേളയിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല.

(ബി) സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആവശ്യത്തിന് ഫർണിച്ചറുകൾ ഇല്ലാത്ത സ്കൂളുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്കൂളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ ശ്രദ്ധചെലുത്തേണ്ടതാണ്.

(സി) 2018-19 ഗുണഭോക്തൃ തെരഞ്ഞെടുപ്പ് അപേക്ഷകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിന്റെ അപേക്ഷകൾ ലഭ്യമാക്കാത്തതിനാൽ ഗ്രാമസഭയിൽ നിന്നും അർഹതയുള്ളവരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുത്തതെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. വിവിധ പദ്ധതികളുടെ അപേക്ഷകളിൽ പൂർണമായ രേഖപ്പെടുത്തലുകൾ ഇല്ല. ഉദാഹരണമായി വെറ്റിനറി സർജൻ നടപ്പിലാക്കിയ പദ്ധതികളിൽ അപേക്ഷകരുമായി ഏർപ്പെട്ടിട്ടുള്ള കരാർ വിവരങ്ങൾ പൂർണമല്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.07.2019 – 22.07.2019 | 01.04.2019 മുതൽ 30.06.2019 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.06.2015-19.06.2015 | 2010-11 മുതൽ 2014-15 വരെ | 12.08.2015 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധന റിപ്പോർട്ട് നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.3/1250/2019 തീയതി 20.08.2019 നമ്പർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-12 സ്ഥാപനതൊഴിൽനികുതി

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

1994ലെ കേരളപഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ്, 1996ലെ കേരളപഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 4 എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽനിന്ന് ഓരോ അർദ്ധവർഷവും തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്. ലഭ്യമായ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽനികുതി/സ്ഥാപനതൊഴിൽ നികുതി ഈടാക്കുവാനുള്ള സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

എ) തൊഴിൽനികുതി:

1.വെങ്ങാനൂർ കോ-ഓപ്പറേറ്റീവ് റൂറൽ ഡെവലപ്പ്മെന്റ് ബാങ്കിലെ ജീവനക്കാരിൽ നിന്ന് ഒന്നാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കിയില്ല.

2.മുത്തൂറ്റ് മെർക്കന്റയിൽ ലിമിറ്റഡ്,പ്രീ മെട്രിക് ഹോസ്റ്റൽ പെരിങ്ങമ്മല എന്നീ സ്ഥാപനങ്ങളിൽനിന്ന് തൊഴിൽനികുതി ഈടാക്കിയില്ല.

3.സെന്റ് ജോസഫ് ഇംഗ്ളീഷ് മീഡിയം സ്കൂൾ മംഗലത്തുകോണം എന്ന സ്ഥാപനം രണ്ടാം അർദ്ധവർഷം വരുമാനപത്രിക സമർപ്പിക്കുകയോ തൊഴിൽനികുതി ഒടുക്കുവരുത്തുകയോ ചെയ്തിട്ടില്ല.

4.ഗവൺമെന്റ് എൽ.പി.എസ് നെല്ലിവിള ഒന്നാം അർദ്ധവർഷം HMഉം PTCMഉം മാത്രം തൊഴിൽ നികുതി ഒടുക്കി. മറ്റാരും വരുമാനപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

ബി) സ്ഥാപനതൊഴിൽനികുതി

1.ആന്ധ്രാ ബാങ്ക്, മുട്ടയ്ക്കാട് ബ്രാഞ്ച്

2.വെങ്ങാനൂർ കോ-ഓപ്പറേറ്റീവ് റൂറൽ ഡെവലപ്പ്മെന്റ് ബാങ്ക്

3.മുത്തൂറ്റ് മെർക്കന്റയിൽ ലിമിറ്റഡ്,പെരിങ്ങമ്മല.
4.കോട്ടേജ് ഇൻഡസ്ട്രീസ് എക്സ്പൊസിഷൻ ലിമിറ്റഡ്

5.ilagos Softwares Pvt Ltd (രണ്ടാം അർദ്ധവർഷം മാത്രം.)

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.14 ന് ലഭ്യമായ മറുപടിയിൽ തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായി അറിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് തൊഴിൽനികുതി/സ്ഥാപനനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

# 1-13 തൊഴിൽ നികുതി ഇളവ് സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതാണ്

ജി.ഒ.(ആർ.ടി)1366/90/ത.സ്വ.ഭ.വ, 27.03.1990പ്രകാരം വികലാംഗരെ തൊഴിൽനികുതി ഒടുക്കുവരുത്തുന്നതിൽ നിന്ന് ഒഴിവാക്കണമെങ്കിൽ ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്ന് 40 ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യമുള്ളതായി സാക്ഷ്യപത്രം വേണം. എന്നാൽ താഴെപ്പറയുന്ന ജീവനക്കാരെ സാക്ഷ്യപത്രമില്ലാതെ തൊഴിൽനികുതിയിൽ നിന്നും ഒഴിവാക്കി.

1.കനകപ്പൻ.എ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കോവളം.

2.എ.റഹ്മത്തുള്ള, അസിസ്റ്റന്റ് സെക്രട്ടറി, വെങ്ങാനൂർ ഗ്രാമപഞ്ചായത്ത്.

3.ശ്രീദേവി, നിസാമുദീൻ, ജോയ് രാജൻ, ഗവ.ആയുർവ്വേദ ആശുപത്രി, വെങ്ങാനൂർ.

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14ന് അംഗവൈകല്യത്തിന്റെ ശതമാനം വ്യക്തമാക്കുന്നതിലേയ്ക്കായി സ്ഥാപനമേധാവിയ്ക്ക് കത്തു നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം കാര്യങ്ങളിൽ സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 തൊഴിൽനികുതി-രജിസ്റ്ററുകൾ സൂക്ഷിക്കുകയും നടപടിക്രമം പാലിക്കുകയും വേണം

തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ സൂക്ഷിക്കുകയും നടപടിക്രമങ്ങൾ പാലിക്കുകയും ചെയ്യേണ്ടതുണ്ട്.

1.ശമ്പളത്തിനോ വേതനത്തിനോ വ്യക്തികളെ ജോലിക്ക് നിയമിച്ച ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ ത.സ്വ.ഭ.സ്ഥാപനം സൂക്ഷിക്കണം.

2.തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും കമ്പനികളുടെയും തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടെയും പേരുവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിക്കണം.

3.ശമ്പളത്തിന്റെ/വരുമാനത്തിന്റെ വിവരങ്ങളടക്കം ജീവനക്കാരുടെ പേരുവിവരങ്ങളടങ്ങിയ പത്രിക സമർപ്പിക്കുകയും നികുതിയടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരെയും നികുതി ചുമത്തുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനം നോട്ടീസ് നൽകണം.

4.തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം /ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കാൻ വ്യക്തികൾ/ വ്യാപാരികൾ/ കമ്പനികൾക്ക് നോട്ടീസ് നൽകണം.

5.നോട്ടീസ് നൽകിയതിനുശേഷം അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പാലിക്കുന്നുണ്ടോയെന്ന് തുടർ നിരീക്ഷണം നടത്തേണ്ടതും പാലിക്കുന്നില്ലെങ്കിൽ ചട്ടങ്ങൾ അനുശാസിക്കുന്ന ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6.പിരിച്ചെടുക്കാതെ ബാക്കിയായ നികുതി,കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിൽ ചേർക്കണം.ഈ രജിസ്റ്റർ സൂക്ഷിക്കാതിരുന്നാൽ കുടിശ്ശിക നികുതി പിരിവ് ശ്രദ്ധിക്കാൻ കഴിയാതെ വരികയും പിരിച്ചെടുക്കാത്ത കുടിശ്ശിക 3 വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും.

7.നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങളടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ 1996 ലെ കേ.പ.രാ(നികുതി ചുമത്തലും ഈടാക്കലും അപ്പീലും)ചട്ടങ്ങൾ 5 ലെ മാതൃകയിൽ സൂക്ഷിക്കണം.

എന്നാൽ പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. നിലവിൽ തൊഴിൽനികുതി ഈടാക്കുന്ന സ്ഥാപനങ്ങളുടെയും സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും വിവരങ്ങളടങ്ങിയ രജിസ്റ്ററാണ് ലഭ്യമായിട്ടുള്ളത്. ലഭ്യമായ വരുമാനപത്രിക പൂർണ്ണമല്ല. ഉദാഹരണമായി വിഴിഞ്ഞം CHC, LMS LPS വെങ്ങാനൂർ എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ബോണസ്/ ഉത്സവബത്ത വിവരങ്ങൾ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14 ന് ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് നിർദ്ദേശം പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-15 കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നില്ല.

1994ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരം 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ 2018-19 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ നിർമ്മാണപ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയിട്ടുള്ള ചുവടെപ്പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1.പ്രേംകുമാർ.ജി.

2.പ്രസന്നകുമാർ.എൽ.

3.ശ്രീകുമാർ.എസ്.

4.കൃഷ്ണദാസ്.

5.ഷിബു.കെ.വി.

6.സുരേഷ്ബാബു.സി.

7.ജയരാജ്.കെ.സി.

8.രാജമണി.ഡി.

9.ബിജു.ജി.

10.പ്രശാന്ത്.ജെ.

11.ശശി.റ്റി.

12.രാജൻ.റ്റി.

13.ബാബു.കെ.

14.ജോബിലാൽ.എൽ.

15.ജയകുമാർ.വി.

16.ഷിബു.ആർ.

17.ഷാജി.ജെ.

18. അനിൽകുമാർ.വി.

19.സാജു.ജി.എസ്.

20.രാജേന്ദ്രൻ.ബി.

21.ബാലൻ.ഡി.കെ.

22.ഹരികൃഷ്ണൻ.റ്റി .ആർ.

23.രാമഭദ്രൻ.കെ.

24.രാജേഷ്.ആർ.

25.കിരൺ.ആർ.

26.കുമാർ.എസ്.

27.സുരേന്ദ്രൻ.ജി.

28.സജി.സി.

29.വിജയരാജ്.

30.വിജയകുമാർ

ഗ്രാമപഞ്ചായത്തിൽ വിവിധ കരാർ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്നും അവരുടെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതി കണക്കാക്കി ഈടാക്കേണ്ടതാണ്.

# 1-16 ലൈസൻസ് എടുക്കുന്നതിൽ സമയക്രമം പാലിക്കുന്നില്ല.

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഓരോ സാമ്പത്തികവർഷവും അവസാനിക്കുന്നതിന് 30 ദിവസത്തിനു മുമ്പായി

സമർപ്പിക്കേണ്ടതാണ്. എന്നാൽ 2018-19 സാമ്പത്തികവർഷം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ 151 മുതൽ 200 വരെയുള്ള 50 അപേക്ഷകൾ പരിശോധിച്ചതിൽ ഭൂരിഭാഗം അപേക്ഷയിലും ഈ സമയക്രമം പാലിച്ചിട്ടില്ല.

1.സരളാസുരേഷ്, ക്രൈസ്റ്റ് ഫ്യൂവൽസ് 27.03.2018

2.ഉഷകുമാരി.എസ്, തനിമ&വിന്നർ ന്യൂട്രിമിക്സ് യൂണിറ്റ് 05.04.2018

3.രത്നാകരൻ.ബി, ശ്രീദേവിക പ്രൊവിഷൻ സ്റ്റോർ 26.3.2018

4.ദാസ്.വൈ, ഫ്രണ്ട്സ് ഓട്ടോമൊബൈൽസ്. 16.05.2018

5.വിജയൻ.ബി, ശ്രീമഹാദേവ കാർപ്പന്ററി ഷോപ്പ് 23.05.2018

6.ദീപ.എസ്.എ, കോവളം ട്രേഡേഴ്സ് 16.05.2018

7.പി.രാജേന്ദ്രൻ, രാഖി ബേക്കറി 24.04.2018

8.രാജീവ്കുമാർ.എം.എസ്, മോട്ടോക്രോസ് പാർക്ക് 21.05.2018

9.ജോസ് റ്റൈറ്റസ്, അമിതബേക്കറി. 23.03.2018

10.സൗമ്യ.വി. ഓറഞ്ച് ബേക്കറി, 19.05.2018

11.യോഗേഷ്.എസ്, എസ്.എൻ ഫാൻസി&സ്റ്റേഷനറി 19.05.2018

12.കെ.ഹരീന്ദ്രൻ, ആയില്യം വുഡ് ഇൻഡസ്ട്രീസ് 29.05.2018

13.അനിൽകുമാർ.ജി, പി.എസ്.എൻ.ഫ്ളോർമിൽ 14.03.2018

14.സുരേഷ്കുമാർ.റ്റി.എസ്, ഓട്ടോമൊബൈൽ സർവ്വീസ് 20.04.2018

15.ലത.ഡി, വിശ്വംഭരസ്റ്റോർ 05.06.2018

16.സന്തോഷ്കുമാർ.എ.എസ്., എസ്.എസ്.അഗ്രോഫുഡ് 05.06.2018

17.പ്രീതമോഹൻ, ജെനിബ്യൂട്ടിപാർലർ 17.04.2018

18.അനിൽകുമാർ.എ, സൂര്യ ഹോളോബ്രിക്സ്. 28.03.2018

19.അരുൺകുമാർ.എസ്, ഷിവാലയ ആയുർവ്വേദിക് 21.05.2018

20.മുജീബ് റഹ്മാൻ, എഫ്.എം. എൻജിനീയറിംഗ് വർക്സ് 15.05.2018

21.അനിലാചന്ദ്രൻ, വെങ്കടേശ്വരാഫാൻസി 30.05.2018

22.വിനോദ്, അവിട്ടത്തിൽ ഇൻഡസ്ട്രീസ്. 06.06.2018

23.രാജേഷ്.ജെ.എസ്, ജെ.എസ്.സ്റ്റോർ 07.06.2018

24.ഡി.ശാന്തകുമാർ, സൂര്യ ഹാച്ചറി 07.06.2018

25.ലിജി ജസ്റ്റിൻ, എസ്.ആർ.സർവ്വീസ് സ്റ്റേഷൻ 03.05.2018

26.തങ്കം.കെ, ചപ്പാത്തികാസ 24.05.2018

27.അഞ്ജന ശ്രീജിത്ത്,സ്വീറ്റ് എൻ സ്പൈസസ് 14.05.2018

28.മാഹീൻ, ഇഷാൻ ബിൽഡിംഗ് മെറ്റീരിയൽസ് 19.06.2018

29.നിസാമുദീൻ, നിസാംഫ്രൂട്ട് ഷോപ്പ് 13.06.2018

30.വിജയൻ, തിരുവാതിര 01.06.2018

31.പ്രസീദ, ഭാരത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലബോറട്ടറി. 12.06.2018

32.ജയകുമാർ, തമ്പുരാൻഹോട്ടൽ 18.06.2018

33.ഗിരീഷ്കുമാർ, രത്നഗിരി ഓയിൽമിൽ 18.06.2018

34.അനിൽകുമാർ.ജി, കമലാഫാബ്രിക്സ് 22.03.2018

35.ലജിത്ത്കുമാർ, സമസ്തകേരളപൂജ അഗർബത്തി 22.06.2018

36.അനിൽകുമാർ.ആർ. രേവതി സ്റ്റോർ. 08.05.2018

37.ഡോ.സന്തുബ്.എൻ, എസ്.ജെ.ഹോസ്പിറ്റൽ 29.06.2018

38.മനു.എസ്, മനു ഓയിൽമിൽ. 25..06.2018

39.ചിദംബരൻ, ഗൗരിഫ്ളവർമിൽ 27.03.2018

40.ശൈലജ.എസ്, ബി.എസ്.ടെക്സ്റ്റൈൽസ്. 19.06.2018

41.പ്രശാന്തി.എസ്, ധ്വനികലാക്ഷേത്ര 02.07.2018

42.സജി.എസ്, ആദിത്യ&അമ്പാടി ട്രേഡേഴ്സ് 02.07.2018

43.ജെ.ജെ.റോണി, പ്രാർത്ഥന ഏജൻസി 23.06.2018

44.ജിജിമോൻ.വി.എസ്, ജിജി ഇലക്ട്രിക്കൽസ്. 04.08.2018

45.ഡി.ശാന്തകുമാർ, സൂര്യ പൗൾട്രിഫാം 03.07.2018

46.രാഖി നായിഡു, കരംപുലി റസ്റ്റോറന്റ് 02.07.2018

47.പ്രദീപ്കുമാർ, ഗംഗ ഓയിൽമിൽ 23.04.2018

48.രാജീവ്.എസ്, Angel the Beauty of World 09.07.2018

49.ഡോ.ജെ.ഗുണമണി, ഡിസ്പെൻസറി 13.06.2018

ആകെ പരിശോധിച്ച 50 അപേക്ഷകളിൽ 49 എണ്ണത്തിലും സമയക്രമം പാലിച്ചിട്ടില്ല. ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകൾ യഥാസമയം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-17 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കണം

ഓഡിറ്റിന് ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലായി 272 സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 2018-19ൽ 292 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഇതിൽ നിന്ന് ല്സ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ലായെന്ന് വ്യക്തമാകുന്നു.

2017-18ൽ 343 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയ സ്ഥാനത്ത് 2018-19ൽ 292 സ്ഥാപനങ്ങൾക്കു മാത്രമാണ് ലൈസൻസ് നൽകിയിട്ടുള്ളത്. നിലവിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയതിനുശേഷം എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതിനുപകരം അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് നൽകുന്നരീതിയാണ് അവലംബിച്ചു കാണുന്നത്. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21 ന് മറുപടി ലഭ്യമായില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ലൈസൻസ് നൽകുന്ന കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-18 ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടക യഥാസമയം പിരിച്ചെടുക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സിലെ 12 കടമുറികളിൽ നിന്ന് 2018-19 സാമ്പത്തിക വർഷം വാടകയിനത്തിൽ വരവ് ലഭിച്ച തുകയുടെ വിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | കടമുറി നമ്പർ | വാടകക്കാരന്റെ പേര് | ഈടാക്കിയ തുക |
|---|---|---|---|
| 1 | 1 | രവി.പി. | 2,292/- |
| 2 | 2 | രവി.പി. | 2,292/- |
| 3 | 3 | അയൽസഭരൂം | - |
| 4 | 4 | ഷിബു.എസ്.വി. | 2,292/- |
| 5 | 5 | ഷിബു.എസ്.വി. | 2,292/- |
| 6 | 6 | സലീല | 2,292/- |
| 7 | 7 | വാട്ടർ അതോറിട്ടി | - |
| 8 | 8 | ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസ്. | - |
| 9 | 9 | രതീഷ് | 2,292/- |
| 10 | 10 | സത്യൻ | 2,292/- |
| 11 | 11 | കാർഷിക കർമ്മസേന | - |
| 12 | 12 | ശശി.പി. | - |
| ആകെ | | | 16,044/-രൂപ |

കടമുറിനമ്പർ 3, 7, 8, 11, 12 എന്നിവയിൽ നിന്ന് വരവ് ലഭിച്ചിട്ടില്ല. എന്നാൽ വാടകരജിസ്റ്ററിൽ രേഖപ്പെടുത്തിയ DCB വിവരം ചുവടെചേർക്കും പ്രകാരമാണ്.

Demand:16044 Collection:16044 Balance:Nil

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29 ന് മറുപടി ലഭ്യമായില്ല.വാടകയിനത്തിലെ വരവ് വർദ്ധിപ്പിച്ച് തനതു ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-19 പെർമിറ്റ് - നമ്പറിംഗ്- വസ്തു നികുതി ഈടാക്കൽ

സർക്കുലർ നമ്പർ 12900/ആർ 2015/ ത.സ്വ.ഭ.വ പ്രകാരം ഒരു കെട്ടിടത്തിന്റെ നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, കെട്ടിട നമ്പറിംഗ്, നികുതി നിർണയം എന്നിവ ഒറ്റ ഫയലിൽ ക്രമീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് സർക്കുലർ പ്രകാരമുള്ള നിർദ്ദേശം പാലിക്കുന്നില്ല. കെട്ടിട നമ്പറിംഗ് നൽകുന്നതിനായി അപേക്ഷകരിൽ നിന്നും ഫോറം 2 വാങ്ങി സൂക്ഷിച്ചിട്ടില്ല. പെർമിറ്റിനായുള്ള സ്ഥല പരിശോധനാ റിപ്പോർട്ടിൽ കെട്ടിടം ഉൾപ്പെടുന്ന മേഖല, കെട്ടിടത്തിന് സമീപമുള്ള റോഡ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ 642 പെർമിറ്റ് അപേക്ഷകളിൽ 130 അപേക്ഷകൾ പരിശോധനക്ക വിധേയമാക്കി. ഫയൽ പ്രകാരമുള്ള പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

എ) നിലവിലെ കെട്ടിടത്തിലെ കൂട്ടിചേർക്കലുകൾ - സഞ്ചയ പ്രകാരം മാറ്റങ്ങൾ വരുത്തിയില്ല – നികുതിയിൽ കുറവ്

ഫയൽ നമ്പർ 2706/18 (രേഖ, നന്ദനം , പെരിങ്ങമ്മല)

നിലവിലെ കെട്ടിടത്തിനു (കെട്ടിട നമ്പർ 9/478) മുകളിൽ 72.75$m^2$ അധികം പണിത ഒന്നാം നില ക്രമവൽകരിക്കുന്നതിലേക്കായി പഞ്ചായത്തിൽ ലഭിച്ച അപേക്ഷയെ തുടർന്നുള്ള ഓവർസീയറുടെ അന്വേഷണ റിപ്പോർട്ട് (28.6.2018 ലെ) പരിശോധിച്ചത് പ്രകാരം, നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണം (ഗ്രൗണ്ട് ഫ്ലോർ) 119.6 സ്ക്വയർ മീറ്ററായി അന്വേഷണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ പരിശോധിച്ചത് പ്രകാരം പ്രസ്തുത കെട്ടിടത്തിന് 110സ്ക്വയർ വിസ്തീർണ്ണമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. താഴെത്തെ നിലയിലെ അധികം വിസ്തീർണത്തിനുള്ള റെഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും സഞ്ചയയിൽ മാറ്റം വരുത്തി നികുതി പുനർനിർണയിച്ചിട്ടില്ല. ഇപ്രകാരം നികുതി ഇനത്തിലെ വരവിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ

കെട്ടിട നമ്പർ (Ground Floor) 9/478

| | കണക്കാക്കിയത് | കണക്കാക്കേണ്ടത് |
|---|---|---|
| വിസ്തീർണം | 110 | 119.6 |
| അടിസ്ഥാന വസ്തു നികുതി(6/- per Sq meter) | 660 | 717.6 |
| ഇളവ് (ദ്വിതീയ മേഖല) 10% | 66 | 72 |
| വർദ്ധനവ് (5 മീറ്ററിൽ കൂടുതലുള്ള വഴി സൗകര്യം) 20% | 132 | 144 |
| വസ്തു നികുതി (ലൈബ്രറി സെസ്സ് ഒഴികെ) | 726 | 790 |

ഇത്തരത്തിൽ വസ്തു നികുതി ഇനത്തിൽ 64/- രൂപയുടെ കുറവ് പ്രതിവർഷം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 28 ന് മറുപടിയായി നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത നികുതിയിലെ കുറവ് (26.06.2018 മുതലുള്ള) ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതും സഞ്ചയയിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതുമാണ്. പെർമിറ്റ് കൂടാതെയുള്ള നിർമ്മാണം നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ബി) നിലവിലെ കെട്ടിടത്തിനോടൊപ്പമുള്ള അധിക നിർമ്മാണം- ക്രമവൽകരിച്ചിട്ടില്ല

ഫയൽ നമ്പർ 690/19

കെട്ടിട നമ്പർ 3/131 ന് മുകളിൽ ഒന്നാം നിലയായി 62 സ്ക്വയർ മീറ്റർ പണിയുന്നതിന് പെർമിറ്റിനായി ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയ അപേക്ഷയെ തുടർന്നുള്ള പരിശോധനാ റിപ്പോർട്ട് (05.04.2019) പ്രകാരം നിലവിലെ കെട്ടിടത്തിന് 76.6 സ്ക്വയർ മീറ്റർ വിസ്തീർണം ഉള്ളതായി അന്വേഷണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ പ്രകാരം പ്രസ്തുത കെട്ടിടത്തിന് 58.5 സ്ക്വയർ മീറ്ററായി കണക്കാക്കി 2015-16 മുതൽ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. താഴത്തെ നിലയ്ക്കുള്ള അധിക നിർമ്മാണം

ക്രമവൽകരിച്ച് നൽകിയിട്ടില്ല. ഇത്തരത്തിൽ നികുതി ഇളവുള്ള കെട്ടിടത്തിൽ ഉണ്ടായിട്ടുള്ള കൂട്ടി ചേർക്കലുകൾ ക്രമപ്രകാരമാണോ എന്ന് സ്ഥാപനാധികാരി ഉറപ്പാക്കിയിട്ടില്ല. കൂടാതെ ചട്ടങ്ങൾപ്രകാരമുള്ള നികുതി ഈടാക്കുന്നതിലും സ്ഥാപനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി28 ന് മറുപടിയായി കെട്ടിടത്തിന്റെ ഒന്നാം നില പൂർത്തിയാകുമ്പോൾ അപാകത പരിഹരിക്കാമെന്നറിയിച്ചിട്ടുണ്ട്. എന്നാൽ അടിയന്തിരമായി നിലവിലെ കെട്ടിടത്തിന്റെ നികുതി നിശ്ചയിച്ച് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ കെട്ടിടത്തിന് നികുതി പരിധിയിൽ വരുന്ന കാലയളവ് കണക്കാക്കി പ്രസ്തുത കാലയളവ് മുതൽ കെട്ടിട ഉടമയിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.

## 1-20 അനധികൃത നിർമ്മാണം- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ 73 കെട്ടിടങ്ങൾ അനധികൃതമായി നിർമ്മിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണത്തിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അനധികൃത നിർമ്മാണത്തിന്റെ തീയതി, നിർമ്മാണത്തിൽ പാലിക്കാത്ത കെട്ടിട നിർമ്മാണ ചട്ടങ്ങൾ നോട്ടീസ് നൽകിയ തീയതി, തുടർനടപടികളുടെ വിവരം എന്നിവ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മേൽ വിവരങ്ങൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 30 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത നിർമ്മാണം സംബന്ധിച്ച എല്ലാ, വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-21 സഞ്ചയ പ്രകാരമുള്ള ഓൺലൈൻ വരവ് തുക ഗ്രാമപഞ്ചായത്തിനു ലഭിച്ചിട്ടില്ല

ഇ-പേമെന്റ് മുഖേന 20.12.2018 ൽ 3/383C എന്ന കെട്ടിടത്തിന്റെ നികുതിയായി ഒടുക്കിയ 1,538/- രൂപ സഞ്ചയയിൽ വരവു വച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന്റെ എസ്.ബി.ഐ. ഇ-പേയ്മേന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/22.10.2019) അപാകത ഐ.കെ.എം.ന്റെ ശ്രദ്ധയിൽപ്പെടുത്തിയതായി മറുപടി ലഭ്യമാക്കി. പണമിടപാടുകൾ നിശ്ചിത ഇടവേളകളിൽ ബാങ്ക് സ്റ്റേറ്റ്മെന്റുമായി ഒത്തുനോക്കേണ്ടതും, വ്യത്യാസങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-22 വസ്തുനികുതി - ഡിമാന്റിൽ നിന്നും തുക കുറവു ചെയ്തതിനുള്ള രേഖകൾ ലഭ്യമല്ല

സഞ്ചയ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് വസ്തു നികുതിയുടെ ഡിമാന്റിൽ കുറവു വന്ന 12,49,378/- രൂപ Property Tax on residential buildings എന്ന ഹെഡിൽ എഴുതി കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ നികുതി ഇളവ് അനുവദിച്ചതോ, ഒഴിവാക്കപ്പെട്ടതോ ആയ കെട്ടിടങ്ങളുടെ വിവരങ്ങൾ, ഇളവ്/വർദ്ധനവ് നൽകിയ തുക, ഇളവ്/വർദ്ധനവ് നൽകിയതിനുള്ള കാരണങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. നികുതിഇളവ് അനുവദിക്കുന്നതിന് ഭരണസമിതിയുടെ അംഗീകാരവും നേടിയിട്ടില്ല. വസ്തുനികുതി ഡിമാന്റിൽ മാറ്റം വരുത്തുമ്പോൾ, അതുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും അംഗീകാരത്തോടെ നടപടികൾ പൂർത്തിയാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള ഇ-ടെണ്ടറുകളുടെ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ്

എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈനായി ഒടുക്കു വരുത്തുന്നത്. പ്രസ്തുത തുക ഇതുവരെയും ഗ്രാമപഞ്ചായത്തിനു ലഭിച്ചിട്ടില്ല. ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവിലയിനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിനു 1,39,840/- രൂപ ലഭിക്കുവാനുണ്ട്. (ഓഡിറ്റ് അന്വേഷണം നം. 5/22.10.2019നുള്ള മറുപടി).

ടെണ്ടർ ഫോറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവന്നിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-24 ബജറ്റ് രൂപീകരണത്തിലെ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി ഗ്രാമപഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ, ഇതിൻപ്രകാരം ഗ്രാമപ്പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | സ്വീകരിച്ച നടപടികളുടെ വിശദാംശം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | 24/1/18 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | ആയുർവേദ മെഡിക്കൽ ഓഫീസർ, അസി.എഞ്ചിനീയർ എന്നിവർ മാത്രം ലഭ്യമാക്കി. തീയതി രേഖപ്പെടുത്തിയിട്ടില്ല. |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | ജനുവരി 25-ന് മുൻപ് | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 14/3/18ന് ചേർന്നു. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 14/3/18 |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 28-2-18 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 21-3-18 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 26-3-18 |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 31-ന് മുൻപ് | 27-3-18 |
| 9 | പുതുക്കിയ ബജറ്റ് അംഗീകരിച്ച തീയതി | - | 15-2-19 |

ബജറ്റ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പിന്തുടരേണ്ടതാണ്.

# 1-25 വക്കീൽ ഫീസായി നൽകിയ തുകയിന്മേൽ ആദായ നികുതി ഈടാക്കിയിട്ടില്ല.

2018-19 വർഷം ശ്രീ. അഭിഷേക് R.V. എന്നയാൾക്ക് നാല്വ കേസുകളിൻമേലുള്ള വക്കീൽ ഫീസായി ആകെ 33,000/- രൂപ നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കേസിന്റെ വിശദാംശം | നല്കിയ തുക | ചെക്ക് നം, തീയതി. |
|---|---|---|---|
| 1 | Appeal.No793/16-LSG Tribunal | 8,000/- | 041490./18-12-18 |
| 2 | Appeal.no794/16-LSG Tribunal | 8,000/- | " |
| 3 | OA.1873/2016-Kerala Administrative tribunal | 8,500/- | 0493831/30-6-18 |
| 4 | OA.1120/2016-Kerala AdministrativeTribunal | 8,500/- | " |
| | ആകെ | 33,000/- | |

ആദായ നികുതി നിയമം സെക്ഷൻ 194(ജെ) പ്രകാരം 30,000/- രൂപയിൽ കൂടുതൽ വക്കീൽ ഫീസായി നൽകുന്ന വേളയിൽ ആദായ നികുതി 10% ഈടാക്കേണ്ടതാണ്. ഇവിടെ മേൽ നിയമം പാലിച്ചിട്ടില്ല. ആദായ നികുതി അടയ്ക്കാൻ ആവശ്യപ്പെട്ട് വക്കീലിന് കത്ത് നല്കിയതായി, ഓഡിറ്റ് എൻക്വയറിക്ക് നം.12ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കി. തുടർനടപടികൾ സ്വീകരിച്ച് റിപ്പോർട്ടു ചെയ്യേണ്ടതാണ്.

# 1-26 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

വിവിധ പ്രവൃത്തികൾക്കായി KSEB, KWA എന്നീ സ്ഥാപനങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

| ക്രമ നം. | പ്രോജക്ട് നം | നിർവ്വഹണ ഏജൻസി. | തുക. | ബിൽ നം. |
|---|---|---|---|---|
| 1 | 11/18-19, പൈപ്പ് ലൈൻ നീട്ടൽ | KWA | 1287781 | 5/29-5-18, |
| 2 | 122/19, കുടിവെള്ള കണക്ഷൻ | KWA | 30000 | 57/8-3-19 |
| 3 | 156/18-19, ഇലക്ട്രിക്കൽ ലൈൻ നീട്ടലും, പോസ്റ്റ് മാറ്റലും | KSEB | 3141761 | 6/29-5-18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി. സെക്രട്ടറി | | | | |
| 4 | 115/18-19,പൈപ്പ് ലൈൻ നീട്ടൽ | KWA | 470000<br>386000 | 6/3-12-18<br>7/18-12-18 |

വിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-27 കുടിവെള്ള പദ്ധതികളുടെ കറണ്ട് ചാർജ്ജ് പഞ്ചായത്ത് അടയ്ക്കുന്നത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

കട്ടച്ചൽക്കുഴി, സിസിലിപുരം സുനാമി പുനരധിവാസ പദ്ധതികളുടെ ഭാഗമായ കുടിവെള്ള പദ്ധതികളുടെയും, രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയുടെയും, പ്രതിമാസ കറണ്ട് ചാർജ്ജ് പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്ന് അടച്ചു വരുന്നു. സ.ഉ.(കൈ)നം.22/2018/തസ്വഭവ., തീയതി 14-2-18 പ്രകാരം, പട്ടിക ജാതി, പട്ടിക വർഗ്ഗ ഗുണഭോക്താക്കളുടേത് ഒഴികെയുള്ള കുടിവെള്ള പദ്ധതികളുടെ കറണ്ട് ചാർജ്ജ് അടയ്ക്കുന്നത് ഗുണഭോക്താക്കളുടെ കൂട്ടായ്മയാണ്. പദ്ധതികളുടെ ഗുണഭോക്താക്കളിൽ ഭൂരിപക്ഷം പട്ടിക ജാതി, പട്ടിക വർഗ്ഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഒന്നും, പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം 11) ഗുണഭോക്താക്കളുടെ കൂട്ടായ്മ രൂപീകരിച്ച് പദ്ധതികളുടെ ദൈനംദിന നടത്തിപ്പ് അവർക്ക് കൈമാറേണ്ടതാണ്.

## 1-28 ഭവന നിധി രൂപീകരിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം. സ.ഉ151/2017 തീ.31.7.17-ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെ വേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2017 ഒക്ടോബർ 31-ന് മുമ്പായി കർമ്മപദ്ധതിയ്ക്ക് രൂപം നല്കേണ്ടതാണെന്ന് ഇതിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.27/28-10-2019) മറുപടിയിൽ ഭവനനിധി രൂപീകരികരിച്ചിട്ടില്ലെന്നും ആയത് അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് നടപടി സ്വീകരിക്കാമെന്നുമാണ് അറിയിച്ചിട്ടുള്ളത്. സംപൂർണ്ണ ഭവന സുരക്ഷാ പദ്ധതിക്കായി ഭവന നിധി രൂപീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-29 ഗ്രാമപഞ്ചായത്ത് ഭൂമി കൈമാറുന്നതിന് നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്

25/06/2018ലെ പഞ്ചായത്ത് കമ്മിറ്റിയുടെ അജണ്ട 8 തീരുമാനം 1 പ്രകാരം റീസർവ്വേ 151/3 ൽ പെട്ട ഭൂമി സ്വകാര്യ വ്യക്തിക്ക് നൽകുന്നതിനായി റവന്യൂ ഭൂമിയാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 04/21-10-2019) നൽകിയ മറുപടിയിൽ വെങ്ങാനൂർ വില്ലേജിലെ റീസർവേ നമ്പർ 151/3ൽ പെട്ട ഭൂമി പതിവിനായി ശ്രീമതി. ശോഭന അപേക്ഷ നൽകിയിരുന്നുവെന്നും. എന്നാൽ പ്രസ്തുത സ്ഥലം ബി.റ്റി.ആർ. പ്രകാരം പഞ്ചായത്ത് വക ലക്ഷം വീട് എന്ന് കാണുന്നതായും തണ്ട പേര് പ്രകാരം പഞ്ചായത്തിന്റെ വകയായി കാണുന്നതിനാൽ സ്ഥലം പുറമ്പോക്കിലേക്ക് മാറ്റിയാൽ മാത്രമേ അപേക്ഷയിൻമേൽ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ എന്ന് തഹസീൽദാരുടെ കത്ത് പ്രകാരം അറിയിച്ചിരുന്നു. വസ്തു പുറമ്പോക്കിലാക്കി ടിയാളുടെ പേരിൽ പതിവ് ചെയ്യുന്നതിന് കമ്മിറ്റിക്ക് തടസ്സമില്ല എന്നു തീരുമാനിക്കുകയും ചെയ്തു. ലക്ഷം വീട് ഭൂമിയായതിനാൽ ഉത്തരവ് പ്രകാരം 12 വർഷം കഴിഞ്ഞാൽ ക്രയവിക്രയം നടത്താവുന്നതാണെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ 12 വർഷം കഴിഞ്ഞ സ്ഥിതിക്ക് മനുഷ്യത്വ പരമായിട്ടാണ് ടിയാളുടെ അപേക്ഷയിൽ ഇങ്ങനെ ഒരു തീരുമാനം കൈക്കൊണ്ടത്.

ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് മുൻപ് കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും)ചട്ടങ്ങൾ, 2015ലെ ചട്ടം 6,7,8 അനുസരിച്ച് സർക്കാർ അനുമതി വാങ്ങേണ്ടതാണ്.

പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയുടെ കരം എല്ലാ വർഷവും അടച്ച് ബി. ടി. ആറിന്റെ പകർപ്പ് എടുക്കുകയും ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

# 1-30 പുഷ്പകൃഷി വനിത-സബ്സിഡി തുക ഒറ്റത്തവണയായി നൽകി

പ്രോജക്ട്നമ്പർ :82/2019

പ്രോജക്ടിന്റെ പേര് :പുഷ്പകൃഷി(വനിത)

അടങ്കൽതുക :3,20,000/-രൂപ

ചെലവ് തുക :1,18,000/-രൂപ

ഫണ്ടിനം :വികസനഫണ്ട്(ജനറൽ)

ബിൽനമ്പർ :1/31.10.2018 തുക 38,000/-

14/28.02.2019 തുക 80,000/-
സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം തീയതി 14.02.2018, സബ്സിഡി മാർഗ്ഗരേഖ പ്രകാരം പ്രസ്തുത പ്രോജക്ടിന് 1000 ചുവടിന് 40,000/-രൂപയാണ്, പരമാവധി സബ്സിഡി നൽകാവുന്നത് (കുറഞ്ഞത് 100 ചുവട്). സബ്സിഡി 2ഘട്ടമായി നൽകണം. മൂന്നിലൊന്ന് ആദ്യവും മൂന്നിൽ രണ്ട് വിളവെടുപ്പിനു മുമ്പും. സ്ഥലത്തിനും ചുവടിനും ആനുപാതികമായി സബ്സിഡി നൽകാവുന്നതാണ്. എന്നാൽ ഇവിടെ തൈ വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രം സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ഒറ്റത്തവണയായി ചുവടെപ്പറയുന്ന രീതിയിൽ നൽകിയിട്ടുണ്ട്.

ശ്രീമതി. ഇന്ദിര :38,000/-രൂപ

ശ്രീമതി. യതി.ജെ.ജെ. :40,000/-രൂപ

ശ്രീമതി. ഷൈനി ജേക്കബ് :40,000/-രൂപ

ഇത്തരത്തിൽ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കിയതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 36ന് ലഭ്യമായ മറുപടിയിൽ അറിവില്ലായ്മ കൊണ്ടാണ് ഇത്തരത്തിൽ സംഭവിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-31 കൃഷി ഓഫീസിന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ-ടെണ്ടർ നടപടിക്രമം പാലിച്ചില്ല.

പ്രോജക്ട് നമ്പർ :107/2019

പ്രോജക്ടിന്റെ പേര് :കൃഷി ഓഫിസിന് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ

അടങ്കൽ തുക :70,000/-രൂപ

ചെലവ് തുക :62,650/-രൂപ

ഫണ്ടിനം :മെയിന്റനൻസ് ഫണ്ട്(റോഡിതരം)

ബിൽനമ്പർ 9/18-19, 29.12.2018

കൃഷി ഓഫീസിന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ എന്ന പദ്ധതിയിൽ ടെന്റർ നടപടിയിലൂടെ സാധനം വാങ്ങുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ പദ്ധതി നടപ്പാക്കിയപ്പോൾ ജി.ഒ.(ആർ.ടി)2487/2016 എൽ.എസ്.ജി.ഡി. 20.08.2016 പ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള പ്രൊക്വയർമെന്റ് മാന്വലിലെ ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമം പാലിക്കാതെ Futuretech എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങൽ നടത്തി. ഇതു

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 40ന് മറുപടി ലഭ്യമായില്ല. ഭാവിയിൽ ഇത്തരം പദ്ധതികളിൽ നടപടിക്രമം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-32 പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പ്രതിമാസം 1,66,250/- രൂപ വെള്ളക്കരമായി KWA യ്ക്ക് നല്കിവരുന്നു. ആകെ 380 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. ടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ KWAയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്ന്, ഓഡിറ്റ് എൻക്വയറി നം.13 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.2242/11/ എൽ.എസ്.ജി.ഡി. തീയതി 28.09.2011-ൽ നിഷ്കർഷിക്കുന്ന പ്രകാരം സംയുക്ത പരിശോധന നടത്തേണ്ടതാണ്.

# 1-33 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെ റോഡ് പ്രവൃത്തികൾ നിർവ്വഹിക്കുന്നു.

29.03.2017 ലെ ജി.ഒ.(എം.എസ്)72/2017/lsgd ഉത്തരവ് പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖയിൽ ഖണ്ഡിക 12.10(1) പ്രകാരം പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും, റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ റോഡ് വികസന പദ്ധതികൾ രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് അപ്രകാരമുള്ള റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കാതെയാണ് പദ്ധതികൾ നടപ്പാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള (നം.5/22.10.2019) മറുപടിയിൽ കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിക്കൊണ്ടിരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ മേൽ ഉത്തരവിലെ നിർദേശങ്ങൾക്കനുസൃതമായി റോഡ് വികസന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കേണ്ടതാണ്.

# 1-34 എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകതകൾ

എ) പ്രോ. നം. 18/19 വെണ്ണിയൂർ കോൺവെന്റ് റോഡ് ഓട നിർമ്മാണം

പദ്ധതിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട്, ഒറിജിനൽ എസ്റ്റിമേറ്റ് എന്നിവ പ്രകാരം 250മീ. നീളത്തിൽ എക്സവേഷൻ നടത്തി 1: 3: 6 (എം10) ബെഡ് കോൺക്രീറ്റിംഗ്, 1: 2.5: 5 (M15) സൈഡ് വാൾ കോൺക്രീറ്റിംഗ് എന്നിവ ചെയ്ത് ഓട നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചിരുന്നതും, റ്റി.എസ്. ലഭിച്ചിരുന്നതും. ഇതനുസരിച്ച് ടെണ്ടർ ചെയ്ത് കരാറുകാരനുമായി പ്രവൃത്തിക്കായി കരാറിലേർപ്പെട്ടശേഷം, ഓടയുടെ നീളം കുറവായതിനാൽ ആവശ്യമുള്ള നീളം മാത്രം ഓട ചെയ്ത് ബാക്കി ദൂരം ബേം കോൺക്രീറ്റിംഗ് കൂടി ചെയ്യാവുന്നതാണെന്നു കാണിച്ച എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും, രണ്ടു എക്സ്ട്രാ ഇനങ്ങൾ കൂടി ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നേടുകയും ചെയ്തു. പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ.

1) ശരിയായ സ്ഥല പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിലൂടെ അധികമായി ഫണ്ട് വകയിരുത്താനിടയാകുകയും, തുടർന്ന് ഫണ്ട് വിനിയോഗിക്കുന്നതിലേക്കായി ബേം കോൺക്രീറ്റിംഗ് എന്ന ഇനം കൂടി ഉൾപ്പെടുത്തേണ്ടി വരികയും ചെയ്തു.

2) ഓടയുടെ ബെഡ് എം10 ഉപയോഗിച്ച് 10സെ.മീ. കനത്തിൽ കോൺക്രീറ്റും വെയറിംഗ് കോട്ട് ആയി 5സെ.മീ. കനത്തിൽ എം20 കോൺക്രീറ്റും ചെയ്യുന്നതിനു പകരം, 10 സെ. മീ. കനത്തിൽ എം10 ബെഡ് കോൺക്രീറ്റും അതിനു മുകളിലായി 10 സെ.മീ. കനത്തിൽ എം15 കോൺക്രീറ്റിംഗും ചെയ്തിരിക്കുന്നു. അധിക കനത്തിലും നിഷ്കർഷിച്ചിട്ടില്ലാത്ത ഇനം കോൺക്രീറ്റും ഉപയോഗിച്ച് വെയറിംഗ് കോട്ട് നൽകിയതിലൂടെ അധിക ചെലവുണ്ടായി.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം (നം.17/24.10.2019) ന് ഇറിഗേഷൻ കനാലിൽ നിന്നും വെള്ളം റോഡിലൂടെ കുത്തിയൊലിച്ച് റോഡ്, ബേം എന്നിവ തകരുന്നത് പതിവായതിനാലാണ് ആദ്യ എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നും, പ്രവൃത്തി ആരംഭിച്ചപ്പോൾ പ്രസ്തുത ഭാഗം ഇറിഗേഷൻ അധീനതയിലുള്ള ഭാഗമാണെന്ന് ബോധ്യപ്പെട്ടതിനാലാണ് റിവൈസ് ചെയ്യേണ്ടി വന്നത് എന്നും മറുപടി ലഭ്യമാക്കി. കൂടാതെ ഓടയുടെ ബെഡ്

എം10 മിക്സ് ഉപയോഗിച്ച് 10സെ.മീ. കനത്തിൽ ചെയ്ത ശേഷം, സ്റ്റീൽ റീഇൻഫോഴ്സ്ഡ് ആർ.സി.സി. ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളത് എന്നും അറിയിച്ചു.

എന്നാൽ പദ്ധതിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുള്ള ഓടയുടെ ബേസ് 1: 3: 6 പി.സി.സി, വശങ്ങൾ 1: 2.5: 5 മിക്സ് എന്നിവ ഉപയോഗിച്ച് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഓടയുടെ നീളത്തിൽ കുറവുള്ളതിനാൽ ബാക്കി തുകയിൽ റോഡിന്റെ ബേം സംരക്ഷിക്കുന്നതിന് കോൺക്രീറ്റ് ചെയ്യുന്ന വിധത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു. സാധാരണ ഓടകളുടെ നിർമ്മാണത്തിൽ നിന്നും വിഭിന്നമായ സ്പെസിഫിക്കേഷൻ ഉപയോഗിക്കുവാനുള്ള കാരണമോ, ആയതിന്റെ ആവശ്യകതയോ എസ്റ്റിമേറ്റ് റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടില്ല.

ജി.ഒ(പി)നം.13/2012/PWD തീയതി,01.02.12 പൊതുമരാമത്ത് മാന്വൽ 1601.1.1 പ്രകാരം സ്ഥലപരിശോധന നടത്തി മാത്രമേ ഏതൊരു പ്രിലിമിനറി എസ്റ്റിമേറ്റും തയ്യാറാക്കാവൂ എന്ന് നിഷ്കർഷിക്കുന്നുണ്ട്. സ്ഥലപരിശോധന നടത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കുവാനും പദ്ധതി തുകയുടെ വിനിയോഗം കാര്യക്ഷമമാക്കുവാനും നിർവഹണാധികാരി ശ്രദ്ധിക്കേണ്ടതാണ്.

ബി) പ്രോ. നം. 48/19 വിളത്തറമേലെ നടപ്പാത റീ കോൺക്രീറ്റിംഗ്

പദ്ധതിയുടെ ഒറിജിനൽ എസ്റ്റിമേറ്റ് പ്രകാരം 250മീ. നീളത്തിൽ നടപ്പാത റീകോൺക്രീറ്റിംഗ്, 21.5മീ നീളത്തിൽ സൈഡ് വാൾ എന്നിവയാണ് നിർമ്മിക്കുവാനുദ്ദേശിച്ചിരുന്നതും, റ്റി. എസ് ലഭിച്ചിരുന്നതും. എന്നാൽ സൈഡ് വാൾ നിർമ്മാണത്തിന് സമീപവാസികൾ തർക്കം ഉന്നയിച്ചതിനാൽ പ്രവൃത്തി ബീച്ച് റോഡ് ഭാഗത്തുനിന്നും ആരംഭിക്കാവുന്നതാണെന്നും, ഇതനുസരിച്ച് സൈഡ് വാളിന്റെ നീളത്തിലും പൊക്കത്തിലും വ്യതിയാനമുള്ളതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതായും എ.ഇ. അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി പദ്ധതി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അനുമതി നൽകുകയും, പദ്ധതി നിർവഹിച്ചപ്പോൾ 42.45മീ നീളത്തിൽ സൈഡ് വാളും 185.55മീ നീളത്തിൽ നടപ്പാത റീകോൺക്രീറ്റിംഗും ചെയ്യുകയുണ്ടായി. പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ച്, കരാറുകാരനുമായി കരാറിലേർപ്പെട്ട ശേഷം പ്രവൃത്തി സ്ഥലം മാറ്റേണ്ടി വന്നത് പദ്ധതി ആസൂത്രണത്തിലെ അപാകതയായി വിലയിരുത്തുന്നു.

# 1-35 ആസൂത്രണത്തിലെ പിഴവുകൾ - പദ്ധതി തുക വിനിയോഗിക്കുവാനായില്ല

2018-19 ൽ ഭരണാനുമതി നൽകി, ഡി.പി.സി. അംഗീകാരം നേടിയ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നിർവഹിക്കുവാൻ കഴിഞ്ഞില്ല

| ക്രമ നം | പ്രോ. നം., പേര് | അടങ്കൽ തുക | നടപ്പാക്കാത്തതിനുള്ള കാരണം |
|---|---|---|---|
| 1 | 186/19 നെല്ലിവിള കുടിവെള്ള പദ്ധതിക്ക് പമ്പ് സെറ്റ് വാങ്ങൽ | 30,000/- ധനകാര്യ കമ്മിഷൻ അവാർഡ് | 5HP പമ്പ് സ്ഥാപിക്കുന്നതിന് 3ഫേസ് കണക്ഷൻ അനിവാര്യമാണ്. പ്രസ്തുത സൗകര്യം ലഭ്യമല്ലാത്തതിനാൽ കരാറുകാരന് പ്രവൃത്തി ചെയ്യുവാനാകുന്നില്ല. |
| 2 | 224/19 മുട്ടയ്ക്കാട് സർക്കാർ എൽ.പി.സ്കൂളിൽ ചുറ്റുമതിൽ നിർമ്മാണം | 5,50,000/- മെയിന്റനൻസ് റോഡിതരം | ടെണ്ടർ നടപടികൾ പൂർത്തിയായി. ചുറ്റുമതിൽ നിർമ്മിക്കുന്നതിനു മുൻപായി മരം മുറിക്കേണ്ടതുള്ളതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 3 | 229/19 ഊറ്റുകുഴി ഹോമിയോ ആശുപത്രി ടോയ് ലറ്റ് നിർമ്മാണം | 2,25,000/- തനതു ഫണ്ട് | രോഗികൾക്കും, സ്റ്റാഫിനും ടോയ് ലറ്റ് സൗകര്യം ഉള്ളതിനാലും,പുതിയ ടോയ് ലറ്റ് ആവശ്യമില്ലാത്തതിനാലും ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രവൃത്തി ഉപേക്ഷിച്ചു. |

ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളോ, ഗ്രാമസഭായോഗങ്ങളോ മേൽ പ്രവൃത്തികൾ ആവശ്യമാണെന്നോ, ഇതിനായുള്ള ശുപാർശകൾ നൽകിയതായോ മിനിട്സുകളിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാനറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.24/26.10.2019) വർക്കിംഗ് ഗ്രൂപ്പ്യോഗങ്ങളിൽ പദ്ധതി സംബന്ധിച്ച പൊതുവായ നിർദ്ദേശങ്ങൾ വന്നിട്ടുള്ളതായും, ആയതിന്റെ അടിസ്ഥാനത്തിലാണ് ഭരണാനുമതി നൽകിയിട്ടുള്ളത് എന്നും എ.ഇ. മറുപടി ലഭ്യമാക്കി. ആസൂത്രണത്തിലെ പിഴവുകൾ കാരണവും, ശരിയായ ആവശ്യകതാ നിർണ്ണയം, സാധ്യതാ പഠനം എന്നിവയുടെ അഭാവത്തിലും വിവിധ മേഖലകളിൽ ഉപയോഗിക്കാമായിരുന്ന ഫണ്ട് വിനിയോഗിക്കുവാനാകാത്തതായി വിലയിരുത്തുന്നു. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-36 2017-18 ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം.191/19 അങ്കണവാടി നമ്പർ 82 (ഊറ്റുകുഴി) നവീകരണം പദ്ധതി 2017-18 ൽ 8,31,000/- രൂപ അടങ്കലിൽ ആവിഷ്കരിച്ചിട്ടുള്ളതാണ്. പദ്ധതി പ്രകാരം ഫ്ലോറിംഗ്, പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, ടൈൽ വർക്കുകൾ, കോമ്പൗണ്ട് വാൾ, മുറ്റം ഇന്റർലോക്ക് ചെയ്യൽ തുടങ്ങിയവ ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്.

പൂർത്തീകരണ കാലാവധി 6 മാസമായി നിജപ്പെടുത്തിയിരുന്ന പദ്ധതിയ്ക്കായി 01.11.2017 ൽ ശ്രീ. ഹരികൃഷ്ണൻ. റ്റി.ആർ ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടിരുന്നു. 2018-19 ൽ സ്പിൽ ഓവർ അംഗീകാരം ലഭ്യമാക്കിയിട്ടും നാളിതുവരെയും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. ആകെ 4,54,417/- രൂപയുടെ പ്രവൃത്തി മാത്രമാണ് ഇതുവരെ നിർവഹിച്ചിട്ടുള്ളത്. പദ്ധതി പൂർത്തിയാകാതെ അവശേഷിക്കുന്നതിനുള്ള കാരണം, ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/28.10.2019) കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ്, പെയിന്റിംഗ്, ടൈൽ വർക്ക് എന്നിവ പൂർത്തീകരിച്ചതായും, ചുറ്റുമതിൽ നിർമ്മാണ സമയത്ത് സമീപ വാസികൾ തർക്കം ഉന്നയിക്കുകയും, ഇതു സംബന്ധിച്ച് തിരുവനന്തപുരം മുൻസിഫ് കോടതിയിൽ ഒ.എസ്. നമ്പർ 431/2018 പ്രകാരം കേസ് നിലനിൽക്കുന്നതിനാലും തുടർ നിർമ്മാണങ്ങൾ നിർവഹിക്കുവാൻ കഴിയുന്നില്ലായെന്നും മറുപടി ലഭ്യമാക്കി. തുടർനടപടികളുടെ വിവരം റിപ്പോർട്ടു ചെയ്യേണ്ടതാണ്.

## 1-37 ടാർ ചെയ്ത വിസ്തീർണത്തിലും അധികമായി മെറ്റലിംഗ് ചെയ്തതിനാൽ അധിക ചെലവ്

റോഡ് നിർമ്മാണ പ്രവൃത്തികളിൽ ടാർ ചെയ്ത വിസ്തീർണത്തിലും അധികമായി WMM ചെയ്തതിലൂടെ പദ്ധതി ഫണ്ടിനു 5,356/- രൂപയുടെ നഷ്ടമുണ്ടായി. വിശദ വിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-38 അംഗനവാടികൾക്കായി വാങ്ങിയ ഭൂമി അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ആറാം വാർഡിൽ 1.21ആർ, ഒൻപതാം വാർഡിൽ 1.4ആർ, പതിനഞ്ചാം വാർഡിൽ 1.21ആർ എന്നിങ്ങനെ മൂന്ന് പ്ളോട്ടുകൾ അംഗനവാടി കെട്ടിട നിർമ്മാണത്തിനായി, 2017 ജൂലൈ മാസം ദാന ആധാരം മുഖേന വാങ്ങിയിട്ടുണ്ട്. പ്രസ്തുത വസ്തുക്കൾ നാളിതുവരെ പഞ്ചായത്തിന്റെ അസറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. വസ്തുക്കൾ അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താനായി, അസി.എഞ്ചിനീയർക്ക് കത്തു നൽകിയതായി, ഓഡിറ്റ് എൻക്വയറിക്ക് നം.10ന് പഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ഭൂമി എത്രയും വേഗം അസറ്റു രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

## 1-39 അർഹതയില്ലാത്ത ഗുണഭോക്താവിന് ലാപ്ടോപ്പ് നല്കി

ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് എന്ന പദ്ധതി പ്രകാരം അർഹതയില്ലാത്ത

ഗുണഭോക്താവിന് ലാപ്ടോപ്പ് വിതരണം ചെയ്തു. തൻമൂലം പദ്ധതി ഫണ്ടിന് അധിക ചെലവുണ്ടായി. വിശദാംശങ്ങൾക്ക് ഖണ്ഡിക 3-2 കാണുക.

# 1-40 തുടർച്ചയായി രണ്ടു വർഷം ടെണ്ടർ സ്ഥിരപ്പെടുത്തിയ ശേഷം പിൻമാറിയ സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കണം

പ്രോജക്ട് നം -111/19,

പ്രോജക്ടിന്റെ പേര്-ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ—അസി. സെക്രട്ടറി

അടങ്കൽ തുക—7,55,000/-

ബിൽ തുക—7,51,199/-

ബിൽ നം--8/18-1-19

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി, ആകെ 30 ലാപ്ടോപ്പുകൾ വാങ്ങിയിട്ടുണ്ട്. 2018 ജൂലൈ മാസം ഇ-ടെണ്ടർ ചെയ്തപ്പോൾ, Hypertech Systems എന്ന സ്ഥാപനം (L1)സമർപ്പിച്ച ടെണ്ടർ അംഗീകരിച്ച് കരാർ വയ്ക്കാനായി കത്തു നല്കി. (തീരുമാനം നം.2(5)dt.20/8/18). എന്നാൽ "ടെണ്ടറിൽ ക്വാട്ട് ചെയ്ത 6006U6$^{th}$ Gen ലാപ്ടോപ്പ് മാർക്കറ്റിൽ കിട്ടാത്തതിനാൽ സപ്ളൈ ചെയ്യുവാൻ സാധിക്കില്ല"എന്ന് 3/10/18 ൽനൽകിയ കത്ത് മുഖാന്തിരം സ്ഥാപനം ടെണ്ടറിൽ നിന്ന് പിൻമാറിയതിനാൽ 10/2018 ൽ റീടെണ്ടർ വേണ്ടി വന്നു. Hyper Tele Systems എന്ന സ്ഥാപനം ഒരു കമ്പ്യൂട്ടറിന് 26,318/-രൂപയാണ് ക്വാട്ട് ചെയ്തിരുന്നത്. പിന്നീട് റീടെണ്ടറിലൂടെ 25039.96രൂപയ്ക്കാണ് വാങ്ങിയത്.

2017-18 വർഷം പ്രോജക്ട് നം.69/18 ൽ ഉൾപ്പെടുത്തി, 32 ലാപ്ടോപ്പുകൾ വാങ്ങാൻ ടെണ്ടർ ചെയ്തപ്പോൾ മേൽപ്പറഞ്ഞ Hypertech Systems എന്ന സ്ഥാപനം (L1) ടെണ്ടർ അംഗീകരിച്ച്, (22/3/17 ലെതീരുമാനം നം 1(2)) കരാർ വയ്ക്കാനായി കത്തു നല്കിയ വേളയിൽ ഇതേ കാരണം പറഞ്ഞ് സമാന രീതിയിൽ പിൻമാറുകയാണുണ്ടായത്. (ഓഡിറ്റ് റിപ്പോർട്ട് 2017-18 ഖണ്ഡിക3-6 കാണുക.) മുൻ വർഷം Hypertech Systems എന്ന സ്ഥാപനം ടെണ്ടർ അംഗീകരിച്ച് കരാർ വയ്ക്കാനായി കത്തു നല്കിയ വേളയിൽ ടെണ്ടറിൽ നിന്ന് പിൻമാറിയ വിവരം, നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. സെക്രട്ടറി, ഈ വർഷം കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. മുൻ വർഷം ടെണ്ടർ അംഗീകരിക്കുന്നതിന് മുമ്പായി കമ്മിറ്റി Hypertech Systems എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നിരാകരിച്ചു എന്ന് അസി.സെക്രട്ടറി, ഓഡിറ്റ് എൻക്വയറി നം.19 നുള്ള മറുപടിയിൽ പറഞ്ഞിട്ടുള്ളത് ശരിയല്ല.

Hypertech Systems എന്ന സ്ഥാപനം, ടെണ്ടർ സമർപ്പിച്ച വേളയിൽ ലഭ്യമാക്കിയ എഗ്രിമെന്റ് പ്രകാരം, സ്ഥാപനത്തിന്റെ ഭാഗത്തുള്ള വീഴ്ച കാരണം വാങ്ങൽ നടക്കാതെ വന്നാൽ, പഞ്ചായത്തിന് യുക്തമായ നഷ്ടപരിഹാരം ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. തുടർച്ചയായി രണ്ടു വർഷം ടെണ്ടർ സ്ഥിരപ്പെടുത്തിയ ശേഷം ഏകപക്ഷീയമായി പിൻമാറിയ സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനും, ടി സ്ഥാപനത്തിൽ നിന്ന് യുക്തമായ നഷ്ടപരിഹാരം ഈടാക്കാനുമുള്ള നടപടി കമ്മിറ്റി സ്വീകരിക്കേണ്ടതാണ്.

# 1-41 പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ലാപ്ടോപ്പുകൾ വിതരണം ചെയ്യേണ്ടതാണ്.

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥൻ ആയ പ്രോജക്ട് നം.111/19 പ്രകാരം, പട്ടിക വിഭാഗത്തിൽപ്പെട്ട, ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാനായി, 30 ലാപ്ടോപ്പുകൾ വാങ്ങിയെങ്കിലും, അർഹരായ ഗുണഭോക്താക്കളുടെ അഭാവത്തിൽ, 25 എണ്ണം മാത്രമേ, വിതരണം ചെയ്തിട്ടുള്ളു. അവശേഷിക്കുന്ന

അഞ്ചു ലാപ്ടോപ്പുകൾ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുള്ളതായി ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ലാപ്ടോപ്പുകൾ വിതരണം ചെയ്യാനായി 2019-20 വർഷം പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം.33ന് നല്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. അർഹരായ ഗുണഭോക്താക്കളുടെ എണ്ണം കണക്കിലെടുക്കാതെ കൂടുതൽ ലാപ്ടോപ്പുകൾ വാങ്ങിയത് ഗുരുതരമായ വീഴ്ചയാണ്. അതിനാൽ അഞ്ചു ലാപ്ടോപ്പുകളുടെ വിലയായ 1,25,200/-രൂപ തടസ്സം ചെയ്യുന്നു.

# 1-42 അംഗനവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കേണ്ടതാണ്

വെങ്ങാനൂർ ഗ്രാമപ്പഞ്ചായത്തിൽ ആകെ 34 അംഗനവാടികളാണ് ഉള്ളത്. ഇതിൽ 14 എണ്ണം സ്വന്തം കെട്ടിടത്തിലും 19 എണ്ണം വാടകയ്ക്കും ഒരെണ്ണം സൗജന്യമായി നൽകിയ കെട്ടിടത്തിലുമാണ്. 2 അംഗനവാടികൾക്ക് കുടിവെള്ള സൗകര്യമില്ല. 14 അംഗനവാടികളിൽ വൈദ്യുതി ഇല്ല. 21 അംഗനവാടികളിൽ ചുറ്റുമതിലില്ല. നിരീക്ഷണ കമ്മിറ്റിയെ കുറിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/21-10-2019) ഗ്രാമസഭയിൽ നിന്ന് പൊതുസമ്മതരെ തെരഞ്ഞെടുത്ത് നിരീക്ഷണക്കമ്മിറ്റി രൂപീകരിച്ചിട്ടില്ലെന്നാണ് മറുപടി നൽകിയിട്ടുള്ളത്. അംഗനവാടികളുടെ ഭൗതിക സാഹചര്യവും പ്രവർത്തനവും മെച്ചപ്പെടുത്താൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-43 നിർവ്വഹണ ഏജൻസിയ്ക്ക് അനുബന്ധ കരാർ ചമച്ച് അധികം തുക നല്കിയതിനുള്ള അനിവാര്യത ബോധ്യമാകുന്നില്ല.

പ്രോജക്ട് നം. – 157/2018-19
അടങ്കൽ തുക – 85,48,000/-
ചെലവു തുക – 85,48,000/-

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നം. SO.170/18- 'പട്ടികജാതി കുടുംബങ്ങൾക്കായി ഭവനസമുച്ചയം' എന്ന ബഹുവർഷ പദ്ധതിയുടെ നിർവ്വഹണ ഏജൻസി കോസ്റ്റ്ഫോർഡാണ്. പദ്ധതിയുടെ അടങ്കൽ 3,23,41,000/- ആണ്. സ്ഥാപനവുമായി പഞ്ചായത്ത് 27/3/18ന് ഒപ്പുവച്ച കരാർ നം.18/17-18 പ്രകാരം ആദ്യ ഗഡുവായി 2017-18ൽ നല്കിയ 64,45,200/- രൂപയുടെ 90% വിനിയോഗിച്ച ബിൽ സമർപ്പിക്കുമ്പോൾ രണ്ടാം ഗഡുവായി 64,45,200/- രൂപ 2018-19 വർഷം നല്കണം. എന്നാൽ 6/3/19 ന് പഞ്ചായത്ത് കോസ്റ്റ്ഫോർഡുമായി ഒരു അനുബന്ധ കരാർ വയ്ക്കുകയും (നം.29/2018-19), ആയതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവായി മേല്പറഞ്ഞ തുകയ്ക്ക് പകരം 85,48,000/- രൂപ (21,02,800/-രൂ കൂടുതൽ) (പ്രോജക്ട് നം.157)നല്കുകയും ചെയ്തു."2018-19 വർഷം ടി പദ്ധതിക്കായി 85,48,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. രണ്ടാം ഗഡുവായി 64,45,200/- രൂപ നല്കുകയാണെങ്കിൽ, ബാക്കി തുകയായ 21,02,800/-രൂ ലാപ്സായി പോകുമെന്നതിനാൽ, രണ്ടാം ഗഡുവായി 85,48,000/- രൂ കോസ്റ്റ്ഫോർഡിന് നല്കുവാനും തീരുമാനിച്ചു." എന്നാണ് 15/02/19 ലെ 1(10) നം കമ്മിറ്റി തീരുമാനം. തുടർന്ന് 3,4,5 ഗഡുക്കളുടെ വിതരണവും മറ്റ് വ്യവസ്ഥകളും 27/3/18ൽ ഒപ്പുവച്ച കരാർ നം.18/17-18 ന് അനുസൃതമായിരിക്കുമെന്നും, ടി തീരുമാനത്തിൽ പറയുന്നു.

സർക്കാർ ഉത്തരവ് നം.311/14/ഫിൻ തീയതി.30/7/14, അനുബന്ധം ii, ഖണ്ഡിക 14 പ്രകാരം, എസ്റ്റിമേറ്റ് തുകയുടെ 20% തുക ആദ്യ ഗഡുവായി നല്കാവുന്നതും, 90% വിനിയോഗിച്ച ബിൽ സമർപ്പിക്കുമ്പോൾ, ആകെ എസ്റ്റിമേറ്റ് തുകയുടെ 15% തുകയിൽ പരിമിതപ്പെടുത്തി, അഞ്ചു ഗഡുക്കളായി ബാക്കി തുക നല്കാവുന്നതുമാണ്. അവശേഷിക്കുന്ന 5%തുക Perfomance Guarantee ആയി സൂക്ഷിച്ച്, അഞ്ചു വർഷത്തെ നിരീക്ഷണ കാലത്തിനു ശേഷം നല്കാവുന്നതുമാണ്.

എന്നാൽ കോസ്റ്റ്ഫോർഡുമായി പഞ്ചായത്ത് 27/3/18ന് ഒപ്പുവച്ച കരാർ നം.18/17-18 പ്രകാരം ആദ്യ ഗഡുവായി എസ്റ്റിമേറ്റ് തുകയുടെ 20% തുകയും, ടി തുകയുടെ 90% വിനിയോഗിച്ച ബിൽ സമർപ്പിക്കുമ്പോൾ 2, 3, 4ഉം ഘട്ടങ്ങളിൽ ചെയ്യുന്ന ജോലിക്ക്എസ്റ്റിമേറ്റ് തുകയുടെ 20% തുക വീതവും, അഞ്ചാം ഘട്ടത്തിൽ എസ്റ്റിമേറ്റ് തുകയുടെ 10%, ബിൽ സമർപ്പിച്ച് ഏഴു പ്രവൃത്തി ദിവസങ്ങൾക്കകം കോസ്റ്റ്ഫോർഡിന് നല്കാനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

അതായത് കോസ്റ്റ്ഫോർഡുമായി പഞ്ചായത്ത് 27/3/18ന് ഒപ്പുവച്ച കരാർ നം.18/17-18 തന്നെ സർക്കാർ ഉത്തരവിന് അനുസൃതമല്ല.

കോസ്റ്റ്ഫോർഡിന് രണ്ടാംഗഡുവായി 64,45,200/- രൂപ മാത്രം 2018-19 വർഷം നല്കിയാൽ മതി എന്ന് വ്യക്തമായ കരാർ ഉള്ളപ്പോൾ, 2018-19 വർഷത്തേയ്ക്കുള്ള പദ്ധതിയുടെ രൂപീകരണ വേളയിൽ തന്നെ ടി പദ്ധതിക്ക് 21,02,800/- രൂ അധികം വകയിരുത്തിയതിന്റെ കാരണം വ്യക്തമല്ല. അധികം തുക വിനിയോഗിക്കാൻ മറ്റു പദ്ധതികൾ രൂപീകരിച്ച് അംഗീകാരം വാങ്ങാനും ശ്രമിക്കാതെ വർഷാവസാനം അനുബന്ധ കരാർ ചമച്ച് അധികം തുക നല്കാനുള്ള തീരുമാനം ഉചിതമായില്ല. ഇത് ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 1-44 അംഗൻവാടികൾ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

ഗ്രാമപ്പഞ്ചായത്ത് പരിധിയിലുള്ള അംഗനവാടികളായ 84, 87, 88, 89, 90 എന്നിവ ഓഡിറ്റ് വേളയിൽ സന്ദർശിച്ചതിൽ, സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ ചുവടെ ചേർക്കും പ്രകാരം അപാകതകളുള്ളതായി ബോധ്യപ്പെട്ടു.

| ക്രമ നം. | അംഗന വാടി നം. | ICDS സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | | അംഗനവാടി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | | വിതരണം ചെയ്ത അളവ് | കുറിപ്പ് |
|---|---|---|---|---|---|---|---|
| | | തീയതി | സ്റ്റോക്ക് | തീയതി | സ്റ്റോക്ക് | | |
| 1 | 84 | 8/2018 | ന്യൂട്രിമിക്സ് 45കി.ഗ്രാം | 8/2018 | ന്യൂട്രിമിക്സ് 52.5കി.ഗ്രാം | 45കി.ഗ്രാം | സ്റ്റോക്ക് രജിസ്റ്ററിൽ over writting ഉണ്ട് |
| 2 | 87 | 5/2018 | ന്യൂട്രിമിക്സ് 60കി.ഗ്രാം | 5/2018 | ന്യൂട്രിമിക്സ് 140കി.ഗ്രാം | വിതരണം രേഖപ്പെടുത്തിയിട്ടില്ല | |
| | | 01/2019 | കപ്പലണ്ടി 10കി.ഗ്രാം | 1/2019 | കപ്പലണ്ടി 12കി.ഗ്രാം | 07/18, 9/18, 10/18, 11/18, 12/18, 1/19, 3/19മാസങ്ങളിൽ വിതരണം രേഖപ്പെടുത്തിയിട്ടില്ല | |
| | | | ശർക്കര 10 കി.ഗ്രാം | | ശർക്കര 12 കി.ഗ്രാം | | |
| 3 | 89 | 26.3.18 | ന്യൂട്രിമിക്സ് 52.500കി.ഗ്രാം | 26.3.18 | ന്യൂട്രിമിക്സ് 52.500കി.ഗ്രാം | വിതരണം രേഖപ്പെടുത്തിയിട്ടില്ല | ഏകദേശം 100 ച. അടി വിസ്തീർണ്ണമുള്ള കടമുറിയിലാണ് അംഗൻവാടി പ്രവൃത്തിക്കുന്നത് |
| | | 5/18 | ന്യൂട്രിമിക്സ് 45കി.ഗ്രാം | 5/18 | ന്യൂട്രിമിക്സ് 45കി.ഗ്രാം | 33കി.ഗ്രാം | 12കി.ഗ്രാം നീക്കിയിരിപ്പ് സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല |
| | | 24.7.18 | ന്യൂട്രിമിക്സ് 45കി.ഗ്രാം | 24.7.18 | ന്യൂട്രിമിക്സ് 52.500കി.ഗ്രാം | 39 കി.ഗ്രാം | |
| | | 10/18 | ന്യൂട്രിമിക്സ് 36കി.ഗ്രാം | 10/18 | അളവ് രേഖപ്പെടുത്തിയിട്ടില്ല | 33കി.ഗ്രാം | |
| | | 1.9.2018 | | | | | ആരോൺ C/o. അനിത 10കി.ഗ്രാം ന്യൂട്രിമിക്സ് വിതരണം നടത്തിയതായി കാണുന്നു |

4). <u>അംഗനവാടി നം.88</u>

26-10-2019, 28-10-2019, 29-10-2019 തീയതികളിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. 2019-20ൽ രജിസ്റ്റർ ചെയ്തത് 8കുട്ടികളാണെങ്കിലും, ഓഡിറ്റ് സന്ദർശന വേളയിൽ 2 കുട്ടികൾ മാത്രമാണുണ്ടായിരുന്നത്.

5). 2018-19 സാമ്പത്തിക വർഷം വാങ്ങിയ ഉപകരണങ്ങൾ 87-ാം നമ്പർ അംഗനവാടിയിലൊഴിച്ച് മറ്റൊരിടത്തും സ്ഥല പരിമിതി കാരണം ഉപയോഗപ്പെടുത്താതെ സൂക്ഷിച്ചിരിക്കുന്നതായും, ബേബി ചെയർ പോലുള്ള ഫർണിച്ചറുകൾ അംഗൻവാടികളിൽ ആവശ്യത്തിലും വളരെയധികമായി സൂക്ഷിച്ചിരിക്കുന്നതായും സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു.

6). പരിശോധന നടത്തിയ അംഗൻവാടികളിൽ എല്ലാ മാസവും ശരാശരി 15 കുട്ടികൾക്ക് (6 മാസം മുതൽ 3 വയസ്സുവരെയുള്ള കുട്ടികൾ) ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത കുട്ടികളുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങളോ, രേഖകളോ അംഗൻവാടികളിൽ സൂക്ഷിക്കുന്നില്ല. ഭാവിയിൽ പ്രസ്തുത ആനുകൂല്യം കൈപ്പറ്റുന്ന കുട്ടികളുടെ ജനനസർട്ടിഫിക്കറ്റിന്റെ പകർപ്പ് കൂടി ലഭ്യമാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-45 ഐ.സി ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ അപാകങ്ങൾ

<u>എ) വാഹനം വാടകയ്ക്കെടുക്കുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല</u>

പ്രോജക്ട് നം. 50/18-19

പ്രോജക്ടിന്റെ പേര് അനുപൂരക പോഷകാഹാരം (ജനറൽ)

അടങ്കൽ – 19,00,000/- (വി.ഫ.ജനറൽ)

8,00,000/-(കേന്ദ്ര ഫണ്ട്)

ചെലവ് 19,00,000/- (വി.ഫ.ജനറൽ)

7,56,986/- (കേന്ദ്ര ഫണ്ട്)

അനുപൂരക പോഷകാഹാര വിതരണത്തിന് വാഹനം വാടകയ്ക്ക് എടുത്തത് ക്വട്ടേഷൻ വ്യവസ്ഥയിലല്ല. 10-01-2019ന് KL-01-AW-6938 വാഹനത്തിന് 8,460/-രൂപ വാടക നൽകിയിട്ടുണ്ട്. കയറ്റിറക്ക് നടത്തിയ സാധനത്തിന്റെ വിശദാംശം ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/20-10-2019)മറുപടി ലഭ്യമായിട്ടില്ല.

<u>ബി) വൗച്ചർ ഹാജരാക്കിയിട്ടില്ല, തുക തടസ്സപ്പെടുത്തുന്നു</u>

പ്രോജക്ട് നം. 58/18-19

പ്രോജക്ടിന്റെ പേര് – ജാഗ്രതാ സമിതി

അടങ്കൽ 1,00,000/-(വി.ഫ.ജനറൽ)

ചെലവ് 53,019/- (വി.ഫ.ജനറൽ)

പദ്ധതിക്കായി ബിൽ നം. 29/18-19, 18-03-19പ്രകാരം 12,835/-രൂപയുടെ ബില്ല് മാറിയിട്ടുണ്ട്. എന്നാൽ ഹാൾ, റിഫ്രഷ്മെന്റ്, മൈക്ക് തുടങ്ങിയ ഇനങ്ങളിലെ 11,820/-രൂപയുടെ വൗച്ചർ മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/20-10-2019)മറുപടി ലഭ്യമായിട്ടില്ല. വൗച്ചർ ലഭ്യമല്ലാത്തതിനാൽ 1,015/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-46 ലൈഫ് ഭവന പദ്ധതി - നിർമ്മാണം ആരംഭിച്ച വീടുകൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

പ്രോജക്ടിന്റെ പേര് - ലൈഫ് ഭവന പദ്ധതി

പ്രോജക്ട് നം - 89/18-19

അടങ്കൽ - 44,00,000/- (വി.ഫ. ജനറൽ)

6,59,952 /-(ബ്ലോക്ക് വിഹിതം)

12,19,372/-(ജില്ലാ വിഹിതം)

ചെലവ് 44,00,000/-(വി.ഫ. ജനറൽ)

6,59,952 /-(ബ്ലോക്ക് വിഹിതം)

12,19,372/-(ജില്ലാ വിഹിതം)

ബിൽ നം. 2/18-19, തീയതി, 25-07-2018, 5,60,000/-രൂപ

3/18-19, തീയതി, 10-08-2018, 3,20,000/-രൂപ

4/18-19, തീയതി, 16-08-2018, 14,00,000/-രൂപ

5/18-19,തീയതി, 30-08-2018, 11,20,000/-രൂപ

6/18-19,തീയതീ, 30-08-2018, 10,00,000/-രൂപ

താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ വീടിന്റെ നിർമ്മാണ പുരോഗതി, സമർപ്പിച്ച രേഖകൾപ്രകാരം കാര്യക്ഷമമല്ല.

| ക്രമ നം. | പേരും വിലാസവും | വാർഡ് നം | നൽകിയ തുക തീയതി | |
|---|---|---|---|---|
| 1 | മുബീന സബിത<br>എം.എസ്. ഭവൻ<br>പാറവിള, കോവളം | 20 | 40,000/-, 20-12-2018 | |
| 2 | ബിന്ദു., കൃഷ്ണ ഭവൻ<br>പനങ്ങോട് | 16 | 3,60,000/- 20-09-2019 | ലിന്റിൽ വരെ |
| 3 | വത്സല സതികുമാർ<br>ആര്യ നിവാസ്, തുമ്പിയേട്, പനങ്ങോട് | 16 | 40,000/- 20-12-2018 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 4 | സുധർമ്മ,<br>പ്ലാവിളപുത്തൻ വീട്, | 14 | 40,000/- 20-12-2018 | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 5 | ഷീല. കെ.<br>വയലിൻവീട്, തൊഴിച്ചൽ | 20 | 2,00,000/- 22-2-2019 | ഫൗണ്ടേഷൻ |
| 6 | രേണുക<br>അശ്വതിഭവൻ, മുതുവിളാകം, കോവളം | 20 | 2,00,000/- 22-2-2019 | ഫൗണ്ടേഷൻ |
| 7 | ശ്രീദേവി, പുളിനിന്നവിളാകം പുത്തൻവീട്, കോവളം | 20 | 2,00,000/- 13-02-2019 | |
| 8 | ലതകുമാരി<br>മായംവിളവീട്, വെണ്ണിയൂർ | 7 | 2,00,000/- 20-09-2019 | |

ഇവയുടെ നിർമ്മാണ പുരോഗതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമല്ല. ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിക്കാൻ ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-47 പാലിയേറ്റീവ് കെയർ പ്രവർത്തനം തൃപ്തികരമല്ല

പ്രോജക്ട് നം. 150/18-19

പ്രോജക്ടിന്റെ പേര് – പാലിയേറ്റീവ് കെയർ

അടങ്കൽ – 10,00,000/-(വി.ഫ. ജനറൽ)

ചെലവ് – 8,86,500/-(വി.ഫ.ജനറൽ)

എ) പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി കൃത്യമായി കൂടുന്നില്ല.

പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായുള്ള മാർഗരേഖ സ.ഉ(സാധാ)നം 3217/2015/തസ്വഭവ, 29.10.2015 പ്രകാരം ഖണ്ഡിക 2.3.2 അനുസരിച്ച് പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി ഓരോ സാമ്പത്തിക വർഷാരംഭത്തിനു മുമ്പും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിലോരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈകൊള്ളേണ്ടതാണ്. പാലിയേറ്റീവ് പ്രവർത്തനം സംബന്ധിച്ച് അനുബന്ധം 9 ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തേയും പ്രവർത്തന -അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. ദ്വൈമാസ യോഗത്തിൽ വച്ച് രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറാക്കി അംഗീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 03/21-10-2019) നൽകിയ മറുപടിയിൽ മാർഗ്ഗരേഖ പാലിക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഇതു സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചപ്പോൾ 2018-19 സാമ്പത്തിക വർഷം 7.04.2018, 01-08-2018, 08-02-2019 തീയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. കൃത്യമായ പ്രവർത്തന അവലോകന റിപ്പോർട്ടുകൾ ചർച്ച ചെയ്ത് തീരുമാനം കൈക്കൊണ്ടതായി കാണുന്നില്ല.

ബി) പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല

ഖണ്ഡിക 2-4-2 അനുസരിച്ച് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ടു പോകുന്നതിനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ഓരോ പഞ്ചായത്തും രൂപീകരിക്കേണ്ടതാണ്. എല്ലാ മാസവും 5-ാം തീയതിക്കുമുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.03/21-10-2019) നൽകിയ മറുപടിയിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച രജിസ്റ്ററുകളൊന്നും പരിശോധനയ്ക്കായി ലഭിച്ചിട്ടില്ല.

<u>സി) രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.</u>

ഖണ്ഡിക 2.6.2(7) പ്രകാരമുള്ള ഹോം കെയർ പ്ലാനിംഗ് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. എല്ലാ ഹോംകെയർ യൂണിറ്റുകളും നിർദ്ദേശിക്കപ്പെട്ട മാതൃകയിലുള്ള ഒരു "ഹോം കെയർ പ്ലാനിംഗ് രജിസ്റ്റർ" (ഹോംകെയർ ആവശ്യമായ രോഗികളെ സന്ദർശിക്കേണ്ട ഇടവേളകളും റൂട്ടും കണക്കിലെടുത്ത് ഹോംകെയർ പ്ലാൻ ചെയ്യുന്ന രജിസ്റ്റർ) സൂക്ഷിക്കേണ്ടതാണ്. അടുത്ത ഓഡിറ്റിൽ സമർപ്പിക്കാമെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം.03/21-10-2019) നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.

പാലിയേറ്റീവ് കെയർ പരിചരണ യൂണിറ്റിന്റെ/തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ രംഗത്ത് നടക്കുന്ന പ്രധാന പ്രവർത്തനങ്ങൾ (ഹോംകെയർ, ഒ.പി. ക്ലാസ്സുകൾ, പരിശീലനങ്ങൾ, ദിനാചരണങ്ങൾ, വാർഷികം മുതലായവ) രേഖപ്പെടുത്തി വയ്ക്കുന്നതിന് ഒരു " ഇവന്റ്സ് ഡയറി" എഴുതി സൂക്ഷിക്കേണ്ടതാണ്. (ഖണ്ഡിക2.6.15)

<u>ഡി) പാലിയേറ്റീവ് കെയറിനാവശ്യമായ വാഹനം ക്വട്ടേഷൻ വിളിച്ചിട്ടില്ല</u>

സ.ഉ(സാ.ധാ)നം. 3217/2015/തസ്വഭവ തീയതി, 29-10-2015 ലെ മാർഗ്ഗരേഖ 2.6.5(3) പ്രകാരം പാലിയേറ്റീവ് കെയറിന് ആവശ്യമായ വാഹനം ക്വട്ടേഷൻ ക്ഷണിച്ചാണ് വാടകയ്ക്ക് എടുക്കേണ്ടത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം 07/23-10-2019) ക്വട്ടേഷൻ വിളിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച ഫയലുകൾ ഹാജരാക്കിയിട്ടില്ല. പാലിയേറ്റീവ് കെയറിന് ഉപയോഗിക്കുന്ന വാഹനം KL-01-BT-5956 Vehicle class-LMV-PAV- for personal use, category Non-Transport എന്നാണ് മോട്ടോർ വാഹന വകുപ്പിന്റെ രേഖകളിൽ കാണുന്നത്. ടാക്സിയായി ഓടുന്ന വാഹനമല്ല. ഇതിനു നല്കിയ മറുപടിയിൽ ഈ കാര്യം അറിയില്ലായിരുന്നുവെന്നാണ് മറുപടി നൽകിയിട്ടുള്ളത്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകളും മാർഗ്ഗരേഖകളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഇ) വൗച്ചറുകൾ ലഭ്യമല്ല, തുക തടസ്സപ്പെടുത്തുന്നു</u>

ബിൽ നം. 05/18-19, 26.12.2018 ബിൽ തുക ( 89,850/-രൂപ) പ്രകാരം

വാഹന വാടകയിനത്തിൽ 26,000/-രൂപ നൽകി, എന്നാൽ 25 വൗച്ചർ(25*1000=25,000) മാത്രമേ ലഭ്യമായിട്ടുള്ളൂ. 1,000/-രൂപയുടെ വൗച്ചർ ലഭ്യമല്ല.

ബിൽ നം. 08/18-19 23-03-2019 ബിൽ തുക (1,62,650/-രൂപ) പ്രകാരം വാടകയിനത്തിൽ 63,000/-രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 62,000/-രൂപയുടെ വൗച്ചർ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.07/23-10-2019) മറുപടിയായി വൗച്ചറുകൾ ട്രഷറിയിൽ നൽകുകയും, ഓഫീസ് കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത വൗച്ചറുകൾ ലഭ്യമായിരുന്നില്ല. വൗച്ചറുകൾ ഓഡിറ്റിന് ലഭ്യമല്ലാത്ത സാഹചര്യത്തിൽ 2,000/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-48 ക്വട്ടേഷൻ ഫയൽ ലഭ്യമാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. 150/18-19
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ – പി.എച്ച്.സി.

പ്രോജക്ടിന്റെ പേര് – ജീവിത ശൈലീ രോഗനിയന്ത്രണ പരിപാടി

അടങ്കൽ 1,50,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് 35,435/-

ബിൽ നം.7/2018-19, 125-03-2019, 35,435/-രൂപ

പദ്ധതിയുടെ ഭാഗമായി B P Apparatus, Weighing machine, Hight scale, Battery എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ മെഡിക്കൽ സർവീസ് കോർപ്പറേഷൻ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങൽ പ്രക്രിയ നടത്തിയിട്ടില്ല. Digital Nice Care, മെഡിക്കൽ കോളേജ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ക്വട്ടേഷൻ നടപടികളെക്കുറിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.07/23-10-2019) ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതായി പറയുന്നു. എന്നാൽ പ്രസ്തുത ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇതിന്റെ ചെലവ് തുകയായ 35,435/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-49 ടെണ്ടർ നടപടി കൂടാതെ സാധനങ്ങൾ വാങ്ങി

പ്രോജക്ട് നമ്പർ :103/2019

പ്രോജക്ടിന്റെ പേര് :ഹോമിയോ ആശുപത്രിയ്ക്ക് ഇൻവെർട്ടർ വാങ്ങൽ

അടങ്കൽ തുക :60,000/-രൂപ

ചെലവ് തുക :59,864/-രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ :മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നമ്പർ :2/18-19, തിയതി: 30.9.2018

ജി.ഒ.(ആർ.ടി)3299/2016 ത.സ്വ.ഭ.വ, 02.12.2016 പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി സാധനസാമഗ്രികൾ സർക്കാർ/അർദ്ധസർക്കാർ/ഗവണ്മെന്റ് അംഗികൃത ഏജൻസികൾ എന്നിവയിൽ നിന്നും വാങ്ങുന്നത് ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമാകേണ്ടതാണ്. അല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണ്.

എന്നാൽ ഈ പ്രോജക്ടിൽ SIDCO സ്വയം നിർമ്മിക്കാത്ത സാധനസാമഗ്രിയായ ഇൻവെർട്ടർ ടെണ്ടർ നടപടി കൂടാതെ വാങ്ങിയിരിക്കുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8 ന് പ്രോജക്ട് നടപ്പിലാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തിയതായി മറുപടി ലഭിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-50 പകർച്ചവ്യാധി പ്രതിരോധം മാർഗ്ഗ നിർദ്ദേശം പാലിക്കുന്നില്ല

പ്രോജക്ട് നം. 153/18-19

പ്രോജക്ടിന്റെ പേര് – പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പദ്ധതികളുടെ ശാക്തീകരണം

അടങ്കൽ 2,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് 2,00,000/-

ബിൽ നം.06/2018-19, 26-2-2018, 2,00,000/-

പകർച്ചാ വ്യാധി പ്രതിരോധത്തിനായി തദ്ദേശ സ്വയംഭരണ (ഡി.സി)വകുപ്പ്, തിരുവനന്തപുരം, തീയതി 07.06.2019ലെ 178649/ഡി.സി/2015 പ്രകാരമുള്ള കത്ത് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കേണ്ട കാര്യങ്ങളെക്കുറിച്ച് വളരെ വിശദമായി വ്യക്തമാക്കുന്നുണ്ട്.

1. വാർഡ് തല കൂട്ടായ്മ

2. ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം (12 ഉപ നിബന്ധനകൾ)

3. വാർഡ് തല ശുചിത്വ മാപ്പിംഗ്

4. പഞ്ചായത്ത് തല കർമ്മ പരിപാടി

5 ഗാർഹിക തല ബോധവൽക്കരണമുൾപ്പെടെ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കേണ്ടതാണ്.

സർക്കാർ നിർദ്ദേശം പാലിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നം.7/22.10.2019ന്റെ മറുപടി). എന്നാൽ ഫയൽ പരിശോധനയിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നതിന്റെ വിവരങ്ങൾ ലഭ്യമല്ല. Source deduction, Well chlorination പ്രവർത്തനങ്ങളും, മുന്നറിയിപ്പ് ബോർഡ്, മാർക്കറ്റ് ശുചീകരണം, ചാനൽ വൃത്തിയാക്കൽ, തുടങ്ങിയവയാണ് നടന്നിട്ടുള്ളത്. വാർഡ് 11 ൽ 26-03-2018ന് 740 വീടുകൾ സന്ദർശിച്ച് Source deduction, Well chlorination എന്നിവ നടത്തിയതായും, വാർഡ് 10 ൽ മാർക്കറ്റ് ക്ലീനിംഗ് അതിന്റെ ലോറി വാടക എന്നിവയ്ക്കായും പണം ചെലവഴിച്ചിരിക്കുന്നു. 88,200/- രൂപയ്ക്ക് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ 27 ബോർഡ് വച്ചതായും കാണുന്നു. ഒരേ സ്ഥാപനത്തിൽ നിന്നും നിർമ്മിച്ച ബോർഡുകൾക്ക് വ്യത്യസ്തമായ തുകയാണ് നൽകിയിരിക്കുന്നത്. പഞ്ചായത്തിന് ആവശ്യമായമായ ബോർഡുകൾ മുൻകൂട്ടി തീരുമാനിച്ച് ക്വട്ടേഷൻ സ്വീകരിച്ചിരുന്നെങ്കിൽ ഏകീകൃത നിരക്കിൽ ബോർഡ് നിർമ്മിക്കാമായിരുന്നു. സകല പരിശോധനയുമായി ബന്ധപ്പെട്ട് നെല്ലിവിള, വെണ്ണിയൂർ വാർഡുകളിൽ നടത്തിയ സന്ദർശനത്തിൽ ബോർഡുകൾ കണ്ടെത്താനായില്ല.

പകർച്ചാവ്യാധി നിയന്ത്രണത്തിന് വാർഡ് തലത്തിൽ കൃത്യമായി ആസൂത്രണം നടത്തുകയും, നടത്തുന്ന പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് ഭരണ സമിതി കൃത്യമായ മോണിട്ടറിംഗ് നടത്തേണ്ടതുമാണ്.

# 1-51 ഹൈസ്കൂൾ കുട്ടികൾക്ക് ഫർണിച്ചർ(എസ്സ്.സി)-അപാകതകൾ

എ) പ്രോജക്ട് നമ്പർ-SO 118/19

ഹൈസ്കൂൾ കുട്ടികൾക്ക് ഫർണിച്ചർ (എസ്സ്.സി)

പദ്ധതി അടങ്കൽ-4,00,000/-( വികസന ഫണ്ട്-എസ്.സി.പി.)

പദ്ധതി ചെലവ്-1,24,992/-

ബിൽ നമ്പർ-362/23.3.19( ക്രമ നമ്പർ 8) തീയതി 25.3.19

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി പ്രകാരം ടെണ്ടർ മുഖാന്തിരമാണ് ഫർണിച്ചർ വാങ്ങേണ്ടത്. എന്നാൽ സിഡ്കോയിൽ നിന്നും നേരിട്ടാണ് ഫർണിച്ചർ വാങ്ങിയിട്ടുള്ളത്.

2. പഞ്ചായത്തിലെ താമസക്കാരായ 25 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകി. പ്രസ്തുത വിദ്യാർത്ഥികൾക്ക് മുൻപ് ഇതേ ആനുകൂല്യം നൽകിയിട്ടില്ല എന്നും, പട്ടിക ജാതി / പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം നൽകിയിട്ടില്ല എന്നും ഉറപ്പുവരുത്തിയിട്ടില്ല.

. സബ്സിഡി മാർഗ്ഗരേഖ പ്രകാരം (ജി.ഒ.(എം.എസ്)22/18 /ത.സ്വ.ഭ.വ) തീയതി14.2.18 ഖ7.2.7 )സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഗ്രാമ സഭയുടെ അംഗീകാരത്തോടെയാണ് അപേക്ഷകൾ സ്വീകരിച്ച് ആനുകൂല്യം നൽകേണ്ടത്.എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് വ്യക്തിഗത അപേക്ഷയിന്മേലാണ് ആനുകൂല്യം നൽകിയത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 9 നുള്ള മറുപടി പ്രകാരം എസ്.സി ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയതെന്നും അറിയിച്ചിട്ടുണ്ട്. നിർദ്ധനരായ വിദ്യാർത്ഥികൾക്ക് മുൻഗണന നൽകി സ്കൂൾ മുഖാന്തിരം തയ്യാറാക്കുന്ന ലിസ്റ്റിൽ നിന്നും ഗ്രാമസഭയുടെ അംഗീകാരത്തിന് വിധേയമായിട്ടാണ് ആനുകൂല്യം നൽകേണ്ടത് ആനുകൂല്യം ലഭിച്ച വിദ്യാർത്ഥിക്ക് മുൻപ് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പാക്കേണ്ടതുണ്ട്. പദ്ധതിയിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് എസ്.സി.ഡി.ഒ. യിൽ നിന്നും ഇത് സംബന്ധിച്ച സർട്ടിഫിക്കറ്റ് വാങ്ങി ഫയലിനോടൊപ്പം സൂക്ഷിക്കേണ്ടതാണ്. തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ സംഭവിക്കാതെ പദ്ധതി നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-52 സ്കൂൾ കുട്ടികൾക്ക് സ്പോർട്സ് പരിശീലനം, സ്പോർട്സ് കിറ്റ് നൽകൽ-അപാകതകൾ

സ്കൂൾ കുട്ടികൾക്ക് സ്പോർട്സ് പരിശീലനം, സ്പോർട്സ് കിറ്റ് നൽകൽ പദ്ധതി പ്രകാരം പരിശീലനാർത്ഥികളെ തെരഞ്ഞെടുത്തതിലും, സ്പോർട്സ് കിറ്റ് വിതരണം ചെയ്തതിലും അപാകതകളുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്ട് നമ്പർ-SO 117/19

സ്കൂൾ കുട്ടികൾക്ക് സ്പോർട്സ് പരിശീലനം, സ്പോർട്സ് കിറ്റ് നൽകൽ

പദ്ധതി അടങ്കൽ-2,00,000/-( വികസന ഫണ്ട്-എസ്.സി.പി)

പദ്ധതി ചെലവ്-1,03,960/-

ബിൽ നമ്പർ- 361/23.3.19 (ക്രമ നമ്പർ7) തീയതി 25.3.19- 81,960/-

358/23.3.19 (ക്രമ നമ്പർ 10) തീയതി 27.3.19 -11,000/-

387/27.3.19 (ക്രമ നമ്പർ 11) തീയതി 27.3.19-11,000/-

പദ്ധതി പ്രകാരം സ്കൂൾ കുട്ടികൾക്ക് ഫുട്ബോൾ പരിശീലനത്തിനായി 24 പേരെയും വോളിബാളിന് 16 പേരെയും ബാസ്കറ്റ് ബാളിന് 14 പേരെയും പരിശീലിപ്പിക്കുന്നതിനായി 11,000/- രൂപ വീതം രണ്ട് പരിശീലകർക്ക് നൽകിയിട്ടുണ്ട്. KAMUL Sports & musicals (ഇൻവോയിസ് നമ്പർ 121, 122തീയതി രേഖപ്പെടുത്തിയിട്ടില്ല) എന്ന സ്ഥാപനത്തിൽ നിന്നും 81,960/- രൂപയ്ക്ക് സ്പോർട്സ് കിറ്റ് (ഫുട്ട് ബാൾ, ബാസ്കറ്റ് ബാൾ, വോളിബാൾ എന്നിവയ്ക്കായി ജേഴ്സി, ഷോർട്സ്, ബൂട്ട്സ്) വാങ്ങി 54 പേർക്ക് വിതരണം നൽകിയിട്ടുണ്ട്.

പരിശീലനം സംബന്ധിച്ച് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. ആയത് പ്രകാരം 26 ദിവസത്തെ പിശീലനമാണ് നടത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഫുട്ബോൾ പരിശീലനത്തിനായി യോഗ്യതയുള്ള കോച്ചിനെ നിയമിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി പ്രകാരം മറ്റ് ഇനങ്ങളിലെ (വോളിബാൾ, ബാസ്കറ്റ് ബാൾ) കോച്ച് ഫുട്ബോൾ പരിശീലനം നൽകിയതായി അറിയിച്ചിട്ടുണ്ട്. വോളിബാൾ, ബാസ്കറ്റ് ബാൾ പരിശീലകരുടെ യോഗ്യത പരിശോധിച്ചത് പ്രകാരം ഈ പരിശീലകർക്ക് ഫുട്ബോളിൽ പ്രവീണ്യം ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഫുട്ബോൾ പരിശീലനം ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതായി ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ പരിശീലനം, പരിശീലകർക്കുള്ള വേതനം എന്നിവ സംബന്ധിച്ച് പരിശീലകരുമായി കരാറിലേർപ്പെട്ടിട്ടില്ല.

2. പരിശീലനം നേടിയ 54 പേർ സ്കൂൾ വിദ്യാർത്ഥികളാണെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറി 9നുള്ള മറുപടി പ്രകാരം പഞ്ചായത്ത് ലഭ്യമാക്കിയ ലിസ്റ്റ് പ്രകാരമാണ് പരിശീലനം നല്കിയതെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും, പദ്ധതി ഗുണഭോക്താക്കളെ ഭരണസമിതി അംഗീകരിച്ചതിന്റെ വിവരങ്ങൾ ( ഓഡിറ്റ് എൻക്വയറി42) ലഭ്യമായിട്ടില്ല.

3.ഫുട്ബോൾ ജെഴ്സി, ഷോർട്സ്, ബൂട്ട്സ്,സ്റ്റോക്കിംഗ്സ്,Shimpad എന്നിവ 25 എണ്ണം വാങ്ങി പരിശീലനം നേടിയ കുട്ടികൾക്ക് നൽകിയട്ടുണ്ട്. ഓഡിറ്റ് എൻക്വയറി 9 നുള്ളമറുപടി പ്രകാരം 24 കുട്ടികൾക്കും പരിശീലകനുമാണ് ഫുട്ബോൾ ജെഴ്സി, ഷോർട്സ്, ബൂട്ട്സ്, സ്റ്റോക്കിംഗ്സ്, Shimpad എന്നിവ നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പരിശീലകന് സ്പോർട്സ് കിറ്റ് നൽകുന്നതിന് പദ്ധതിയിൽ നിർദ്ദേശം ഇല്ല. കൂടാതെ ഫുട്ബോളിന് പ്രത്യേക പരിശീലകനെ നിയമിച്ചിട്ടില്ല. അധികമായി വാങ്ങിയ ഫുട്ബോൾ ജെഴ്സി, ഷോർട്സ്, ബൂട്ട്സ്, സ്റ്റോക്കിംഗ്സ്, Shimpad തുക 1,490/- രൂപ സർക്കാരിലേക്ക് തിരികെ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പരിശീലനം ലഭിച്ചത് സ്കൂൾ കുട്ടികളാണെന്ന് തെളിയിക്കുന്ന രേഖകളുടെ അഭാവത്തിൽ 1,490/- രൂപ ഒഴികെയുള്ള ചെലവ് തുകയായ 1,02,470/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു പദ്ധതി നിർവ്വഹണം മാർഗ്ഗരേഖയ്ക്കനുസൃതമാകുവാൻ ശ്രദ്ധിക്കേണ്ടതും പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതുമാണ്. ഈ വിഷയത്തിൽ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഇല്ല

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 ടാർ ചെയ്ത വിസ്തീർണത്തിലും അധികമായി മെറ്റലിംഗ് ചെയ്തതിനാൽ അധിക ചെലവ്

ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ടാർ ചെയ്ത വിസ്തീർണത്തിലും അധികമായി WMM ചെയ്തിട്ടുണ്ട്. പ്രൈം കോട്ട്, ടാക്ക് കോട്ട് തുടങ്ങിയ ടാർ ഇനങ്ങൾ ആവശ്യമില്ലാത്ത അധിക ഏരിയായിൽ WMM ചെയ്തതിലൂടെ അധിക ചെലവുണ്ടായി.

| പ്രോ. നം. | ചെലവ് തുക | ബിൽ നം. തീയതി | എം ബുക്ക് നം, പേജുകൾ | WMM അളവ് | ടാർ ചെയ്ത വിസ്തീർണം | WMM അധിക അളവ് | അധിക ചെലവ് |
|---|---|---|---|---|---|---|---|
| 181/19 | 700958 മെയി. റോഡ് | 9/18-19, 29.05.2018 | 369/17-18 1,2, 15-20 | $35.77m^3$ (ലിമിറ്റഡ്) ($35.77/.075=476.93m^2$) | $461.99m^2$ | $1.12m^3$ ((476.93-461.99)x.075) | 1.12x2686=3008 |
| 193/19 | 330221 മെയി. റോഡ് | 38/18-19, 22.12.18 | 233/18-19 1,2, | $23.25m^3$ (ലിമിറ്റഡ്) ($23.25/.075=310m^2$) | $300m^2$ (ലിമിറ്റഡ്) | $0.75m^3$ ((310-300)x.075) | 0.75x 3131.27= 2348 |
| ആകെ | | | | | | | 5,356/- |

അധിക അളവിൽ WMM ചെയ്യുവാനുള്ള കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/23.10.2019) റോഡിന്റെ ടാർ ഏരിയയ്ക്ക് തുല്യമായി മാത്രമേ WMM ചെയ്യാവൂ എന്ന് നിർബന്ധമില്ലാത്തതാണ് എന്നും, ബേസ്, സബ് ബേസ് എന്നിവ കൂടുതൽ വീതിയിൽ ചെയ്യുന്നത് റോഡിന്റെ അടിത്തറ കൂടുതൽ ബലവത്താകുന്നതിനുവേണ്ടിയാണ് എന്നും മറുപടി ലഭ്യമാക്കി. കൂടുതൽ ഏരിയയിൽ WMM ചെയ്യുമ്പോൾ പ്രസ്തുത വിസ്തീർണത്തിൽ പ്രൈം കോട്ടോ, ടാക്ക് കോട്ടോ നൽകാത്തതിനാൽ മെറ്റൽ ഇളകുന്നതിനുള്ള സാധ്യതയുണ്ട്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. അധിക ചെലവായ തുക പദ്ധതി ഫണ്ടിനുണ്ടായ നഷ്ടമായി വിലയിരുത്തുന്നു.

# 3-2 അർഹതയില്ലാത്ത ഗുണഭോക്താവിന് ലാപ്ടോപ് നല്കി-25,040/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം -111/19,

പ്രോജക്ടിന്റെ പേര്-ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം

നിർവ്വഹണഉദ്യോഗസ്ഥൻ—അസി.സെക്രട്ടറി

അടങ്കൽ തുക—7,55,000/-

ബിൽ തുക—7,51,199/-

ബിൽ നം--8/18-1-19

പദ്ധതി പ്രകാരം 30 ലാപ്ടോപ്പുകൾ വാങ്ങിയതിൽ 25 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ചത് പ്രകാരം മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി, ലാപ്ടോപ്പ് നല്കിയ അഭിനന്ദ്. S.M. എന്ന ഗുണഭോക്താവ് തൻവർഷം ബിരുദ-ബിരുദാനന്തര വിദ്യാർത്ഥിയാണ് എന്നു തെളിയിക്കുന്ന യാതൊരു രേഖയും ഫയലില്ല. ടിയാൻ VHSE വിദ്യാർത്ഥിയായിരിക്കെ 12 ദിവസം മാത്രം (21/10/17 മുതൽ 3/11/17വരെ) ദൈർഘ്യമുള്ള 'On The Job Training in Audimetry'എന്ന കോഴ്സിന്റെ സർട്ടിഫിക്കറ്റ് ആണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നം. 20ന് നല്കിയ മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്, ടിയാൻ 2018 മാർച്ചിൽ പൂർത്തിയാക്കിയ VHSE കോഴ്സിന്റെ Trade Certificate ഉം ആണ്. മേൽ പ്രോജക്ട് പ്രകാരം ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുള്ളത്, 2019

ജനുവരിയിലാണ്. അക്കാലയളവിൽ ടിയാൻ വിദ്യാർത്ഥിയല്ല എന്ന കാര്യം സുവ്യക്തമാണ്. അതിനാൽ ടിയാനു നല്കിയ ലാപ്ടോപ്പിന്റെ വിലയായ 25,040/-രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.06.2019, 25.06.2019 | നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.3/1250/2019 തീയതി 20.08.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 659952 | ലൈഫ് ഭവനപദ്ധതി ജനറൽ | 659952 | 0 |
| | | 1439003 | ലൈഫ് ഭവനപദ്ധതി എസ്.സി. | 1439003 | 0 |
| | | 250000 | സ്നേഹസ്പർശം | 250000 | 0 |
| | | 200000 | ക്ഷീരസമൃദ്ധി | 200000 | 0 |
| | | 288000 | കിണർ റീചാർജ്ജ് ജനറൽ | 0 | 288000 |
| | | 80000 | കിണർ റീചാർജ്ജ് | 0 | 80000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 70000 | ഹരിതഭവനം വനിത | 70000 | 0 |
| | | 1219372 | ലൈഫ് ഭവനപദ്ധതി ജനറൽ | 1219372 | 0 |
| | | 1229363 | ലൈഫ് ഭവനപദ്ധതി എസ്.സി. | 1229363 | 0 |
| | | 172800 | ജലശ്രീ | 0 | 172800 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | ഇലക്ട്രിക് ലൈൻ നീട്ടലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും | 3141761 | 0 | 3141761 |
| 2 | കെ.ഡബ്ല്യൂ.എ. | പൈപ്പ് ലൈൻ നീട്ടൽ ജനറൽ | 1287781 | 0 | 1287781 |
| 3 | കെ.ഡബ്ല്യൂ.എ. | മുട്ടയ്ക്കാട് എൽ.പി. സ്കൂളിന് കുടിവെള്ള കണക്ഷൻ | 30000 | 0 | 30000 |
| 4 | കെ.ഡബ്ല്യൂ.എ. | പൈപ്പ് ലൈൻ നീട്ടൽ എസ്.സി. | 856000 | 0 | 856000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി. | AL-482/2017 തീയതി 07.01.2019 | 21640000 | - | - | - | 21640000 |
| ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ.(കൈ)നം.831/2010 ത.സ്വ.ഭ.വ. തീയതി 11.03.2010 | 21096000 | 371295 | 371295 | | - |

# 4-6 സ്ഥിരനിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|---|
| 1 | 2010-11 | 3(6) | 2,386/- | ശിവകുമാർ | 118040104523/27.10.2018 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

# 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 13,03,57,402/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 12,43,28,398/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 30,396/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,66,120/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5,356/- | ശ്രീ. രാജേഷ് സി.ആർ, അസി. എഞ്ചിനീയർ |
| 3-2 | | 25,040/- | ശ്രീ. എ. റഹ്മത്തുള്ള, അസി. സെക്രട്ടറി |
| | ആകെ | 30,396/-രൂപ | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-41 | 1,25,200/- | ശ്രീ. എ. റഹ്മത്തുള്ള, അസി. സെക്രട്ടറി |
| 1-45 | 1,015/- | താഹിറാ ബീവി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-47 | 2,000/- | ഡോ. വഷിത ഗുണസെൽവി, മെഡിക്കൽ ഓഫീസർ |
| 1-48 | 35,435/- | ഡോ. വഷിത ഗുണസെൽവി, മെഡിക്കൽ ഓഫീസർ |
| 1-52 | 1,02,470/- | ശ്രീമതി. ഷീബ വി.ആർ, ഹെഡ്മിസ്ട്രസ്സ് |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജേഷ് സി.ആർ,<br>അസി. എഞ്ചിനീയർ | | രേവതി,<br>കൊട്ടുങ്ങൂർ,<br>കുലശേഖരം,<br>തിരുവനന്തപുരം -13 |
| ശ്രീ. എ. റഹ്മത്തുള്ള,<br>അസി. സെക്രട്ടറി | | ടിസി 45/634(1),<br>എ.ആർ. മൻസിൽ,<br>ബീമാപള്ളി,<br>തിരുവനന്തപുരം -8 |
| ശ്രീമതി. ഷീബ വി.ആർ,<br>ഹെഡ്മിസ്ട്രസ്സ് | | സൗപർണ്ണിക,<br>പെരുകാവ് പി.ഒ.,<br>തിരുവനന്തപുരം |
| ശ്രീമതി. താഹിറാ ബീവി,<br>ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ | | ടിസി 48/4/25,<br>ബൈപ്പാസ് റോഡ്,<br>അമ്പലത്തറ,പൂന്തുറ<br>പി.ഒ, |
| ഡോ. വഷിത ഗുണസെൽവി,<br>മെഡിക്കൽ ഓഫീസർ | | ടി.സി.26/2037,<br>സബർമതി ട്യൂട്ടേഴ്സ്<br>ലൈൻ,<br>സ്റ്റാച്യു,<br>തിരുവനന്തപുരം-1 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2003-04 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1412/18 തി.08.06.18 | 1 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1412/18 തീയതി 08.06.18 | 3 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1412/18 തീയതി 08.06.18 | 3 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1412/18 തീയതി 08.06.18 | 5 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1412/18 തീയതി 08.06.18 | 1 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1412/18 തീയതി 08.06.18 | 1 | |
| 2010-11 &<br><br>2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/170/2014 തീയതി 11.02.2014 | 15 | |

| | | | |
|---|---|---|---|
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/1064/14<br>തീയതി 04.04.2014 | 20 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/673/2015<br>തീയതി 05.08.2015 | 17 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/379/2016<br>തീയതി 04.02.2016 | 39 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/2015/16<br>തീയതി 24.11.2016 | 19 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/317/18<br>തീയതി 13.03.2018 | 13 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി3/2399/18<br>തീയതി 02.08.2019 | 24 | |

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

ആർ.11.2.20